കൈയെഴുത്ത് മാഗസിൻ

# വൈഖരി

## 2019



സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

തിരുവനന്തപുരം ജില്ല

# വൈഖരി
# 2019

കൂട്ടായ്മയുടെ സൗഹൃദത്തിന്റെ
സ്നേഹത്തിന്റെ
പ്രിയ സഹപ്രവർത്തകരുടെ
പരിശ്രമഫലമാണ് ഈ മാഗസിൻ
മനസിന്റെ അടിത്തട്ടിൽ നിന്നുള്ള
അനുഭവങ്ങളും വികാരവിചാരങ്ങളും
വാസനകളും പുതുമയാർന്ന
ശൈലിയിലൂടെ പങ്കുവെക്കുകയാണ്
ഇവിടെ....
സ്വതസിദ്ധമായ ശൈലിയിലൂടെ
രചനകൾ നിർവ്വഹിച്ചിട്ടുണ്ട്.
ഇത് വിലയിരുത്തേണ്ടത്
പ്രിയ വായനക്കാരാണ്.
വാക്കുകളിൽ ഒതുങ്ങാത്ത
കൃതജ്ഞതയോട് കൂടി
ഈ മാഗസിൻ സമർപ്പിക്കുന്നു

ബി. അനീഷ് കുമാർ
ചീഫ് എഡിറ്റർ



മാഗസിൻ
പ്രകാശന വേളയിൽ
ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു
വകുപ്പ് മന്ത്രി
ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ
വരച്ചത്



അക്ഷരം
ജീവനാണ്...
ഒരു പുസ്തകത്തിലെ
അക്ഷരങ്ങൾക്ക്
വല്ലാത്ത ജീവനുണ്ട്..

ആശംസകൾ...!

ആർ. എസ്. വിമൽ

പ്രശസ്ത ചലച്ചിത്ര
സംവിധായകൻ
എന്ന് നിന്റെ മൊയ്തീൻ
ഫെയിം.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തിരുവനന്തപുരം ജില്ലാ ഓഫീസ് തയ്യാറാക്കിയ കൈയെഴുത്ത് മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

Ramachandran V

ഡയറക്ടർ

പെരുമ്പടവം ശ്രീധരൻ
തമലം
തിരുവനന്തപുരം 695012

ॐ

# ആശംസ

20.10.2019.

ആശയ വിനിമയത്തിനുള്ള ഉപാധിയാണ് ഭാഷ എന്ന സങ്കല്പം മാറി വരികയാണ്. ഒരാളെ അയാൾ ആക്കിത്തീർക്കുന്നത് അയാളുടെ ഭാഷയാണ്. നിങ്ങൾ ആരാണെന്ന് എന്നെ പരിചയപ്പെടുത്തണ്ട. അഞ്ചോ ആറോ മിനിട്ടു നിങ്ങൾ സംസാരിച്ചപ്പോൾ മറ്റുള്ളവർക്ക് മനസ്സിലാകും നിങ്ങളാരാണെന്ന്. എന്നൊക്കെ പറയാറുണ്ടെങ്കിലും ഭാഷ വ്യക്തിയുടെയും സമൂഹത്തിന്റെയും പൊതുസ്വത്താണ്. അതിൽ ശരിയ പങ്ക് സ്വന്തമാക്കുക എന്നത് ഒരു നല്ല സങ്കല്പമാണ്. സ്വന്തം ഭാഷയെ അമ്മയോട് ഉപമിക്കുന്നത് നാം കുട്ടിക്കാലത്തേ കേട്ടിരുന്നു. മറ്റു ഭാഷകളിൽ, ഉപയോഗത്തിൽ പ്രാഗത്ഭ്യം നേടുക എന്നത് ഏതു മലയാളിയെയും ഉന്മേഷമേകുന്ന ഒരവസ്ഥയാണ്. ഭാഷകൊണ്ടുള്ള സമ്പന്നതയാണ് ഏറ്റവും വലിയ സമ്പത്ത്.

പെരുമ്പടവം

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ:
അനീഷ് കുമാർ ബി., ഡെപ്യൂട്ടി ഡയറക്ടർ

സബ് എഡിറ്റർ:
ഹരീഷ് എസ്, ടി.എസ്.ഒ., ചിറയിൻകീഴ്

അംഗങ്ങൾ:
ബിജു എ.എസ്., R.A., ജില്ലാ ഓഫീസ്
ശ്രീകുമാർ ജി, RA, ജില്ലാ ഓഫീസ്
ദിലീപ് കുമാർ ബി. വി., Stat. Asst II, നെയ്യാറ്റിൻകര
രാജേഷ് എസ്.എസ്, Stat. Asst I, നെടുമങ്ങാട്

രൂപരേഖ, ചിത്രീകരണം:
ഹരീഷ് എസ്, ടി.എസ്.ഒ., ചിറയിൻകീഴ്

എഴുത്ത്:
രാജി സി.
ജയകൃഷ്ണൻ കെ.
ലക്ഷ്മി. പി. എസ്.
ഗായത്രി മനോഹർ എം.
അശ്വതി ജി. എസ്.
സ്വപ്നലേഖ പി. എസ്.

മാഗസിൻ നാമനിർദ്ദേശം
മത്സരവിജയി:
സ്വപ്നലേഖ. പി. എസ്.




# വന്ദനം



ഭാരതധരേ പുണ്യമാതേ ഭാരതാംബേ
പുലരുന്ന ഞങ്ങൾ പുണ്യമക്കൾ
ഹിമഗിരി ശൃംഗ ഗിരികളിൽ നിന്നും
പൊഴിയും തുഷാരമണികൾ ഞങ്ങൾ
നിൻ തിരുഹൃദയ കുടീരത്തിൽ
ഞങ്ങൾ സ്നേഹപ്പൂക്കളർപ്പിക്കുന്നു
സുവർണ്ണ കൊടി നെറുകയിൽ ചാർത്തി
വിശ്വത്തിൻ പൊരുൾ കാത്തിടുന്നു.
വിശ്വസുന്ദരി മാതേ നിന്നെ
വിനയത്തോടെ നമിക്കുന്നു. (ഭാരതധരേ..)
അബലർ ഞങ്ങൾക്കാശ്രയമേകി നീ
ഉയിരും തണലും നിത്യവുമേകി
ദാഹമകറ്റാൻ തെളിനീർ നൽകി
നിശ്വാസക്കുളിർ തെന്നലുമേകി
ഉന്നതമൂല്യശ്രേണിയിലുയരും
ഭാരതശ്രേഷ്ഠ സംസ്കാരം നമ്മുടെ
ഭാരതശ്രേഷ്ഠ സംസ്കാരം
ഇന്നെവിടെയുമോമൽ പ്രതീകവും. (ഭാരതധരേ)
ഭാരതപുത്രർക്കെന്നും നീ ഭാരതാംബേ
വീരാംഗന നീ പുണ്യമാതേ
ഭാരതധരേ പുണ്യമാതേ ഭാരതാംബേ
പുലരുന്ന ഞങ്ങൾ പുണ്യമക്കൾ
ഭാരതധരേ പുണ്യമാതേ


രാജൻ കെ.റ്റി.
ജില്ലാ ഓഫീസ്
തിരുവനന്തപുരം

# വിവർത്തനവും സാങ്കേതിക പദാവലിയും ഭാഷാശുദ്ധിയും

വൃന്ദ.പി.എസ്.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ,
നെടുമങ്ങാട്.



'ഭാഷ' ലളിതമായ നിർവ്വചനത്തിൽ ആശയവിനിമയത്തിനുള്ള മാധ്യമവും സംസ്കാരപഠനത്തിനുള്ള ഉപാധിയുമാണ്. എന്നാൽ മാതൃഭാഷ ഓരോ വ്യക്തിക്കും ഒരേ സമയം തന്റെ വികാരവും അസ്മിതയുമാണ്. മഹാത്മാഗാന്ധി പറഞ്ഞതുപോലെ 'എന്തൊക്കെ വൈകല്യങ്ങളുണ്ടെങ്കിലും അമ്മയുടെ മാറിലേക്കെന്നപോലെ, ഞാനെന്റെ മാതൃഭാഷയോട് പറ്റിച്ചേർന്നുതന്നെ നിൽക്കും. ജീവൻ നൽകുന്ന മുലപ്പാൽ അവിടെ നിന്നെനിയ്ക്ക് ലഭിക്കു" ഈ വരികൾ ഉദ്ധരിച്ചാൽ നമ്മുടെ നാവിലെ മുലപ്പാൽ ശ്രേഷ്ഠമാണ് മലയാളം. മഹാകവി വള്ളത്തോൾ മലയാളഭാഷയെ കുറിച്ച് പറഞ്ഞതുപോലെ "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ". എന്നാൽ മലയാളം മറന്ന മലയാളികൾ ഈ വാക്കുകളെല്ലാം ആത്മവിമർശനത്തോടെ നോക്കിക്കാണേണ്ടതും പുനർവിചിന്തനങ്ങളോടെ ഏറ്റെടുക്കേണ്ടതുമാണ്. 1956-ൽ ഭാഷാടിസ്ഥാനത്തിൽ



കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതു മുതൽ ജനങ്ങളെ ജനങ്ങളുടെ ഭാഷയിലാണ് ഭരിക്കേണ്ടതെന്നും, ആ ഭാഷയിലാണ് സേവനങ്ങൾ നൽകേണ്ടത് എന്നുമുള്ള ചർച്ചകൾ സജീവമായിരുന്നു. ഭരണഭാഷ മാതൃഭാഷയായാൽ മാത്രമെ സാധാരണക്കാരന് പറയാനുള്ളത് പറയാനും അവകാശമുള്ളവ അവകാശപ്പെടാനും സാധിക്കുകയുള്ളൂ. വിദ്യാഭ്യാസത്തിന് മാതൃഭാഷയും ആശയ വിനിമയത്തിന് ആംഗലേയവും ശീലിച്ചാൽ മാത്രമെ ഇതിൽ നമുക്ക് തുല്യത കൈവരിക്കാനാകൂ. എന്നാൽ നാം കാണാതെ പോയ യാഥാർത്ഥ്യമെന്തെന്നാൽ 3.75 കോടി ജനങ്ങൾ സംസാരിക്കുന്ന മലയാള ഭാഷ ലോകത്തിലെ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷകളിൽ 26-ാം സ്ഥാനത്താണ്. അതുകൂടാതെ ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ വികാസം പ്രാപിക്കുന്ന ഭാഷ മലയാളമാണെന്ന് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. മലയാള ഭാഷ മരണത്തിലേയ്ക്കല്ല മറിച്ച് നവീകരണത്തിലേയ്ക്കാണ് കാലെടുത്ത് വയ്ക്കുന്നത്. 2017 നവംബർ 1 മുതൽ ഭരണഭാഷയായി മലയാളം മാറിയപ്പോൾ നാം കൈവരിച്ചത് നമ്മുടെ അസ്തിത്വം കൂടിയാണ്. മേൽ സൂചിപ്പിച്ചതുപോലെ സാധാരണക്കാരന് അവന്റെ അവകാശങ്ങൾ ചോദിച്ചു വാങ്ങാൻ അവന്റെ തന്നെ ഭാഷയിൽ ആവശ്യപ്പെടാനുള്ള അവസരം കൂടിയാണിത്. ശ്രേഷ്ഠഭാഷാ പദവിയിലെത്തിയ ഇന്ത്യയിലെ 5-ാമത്തെ ഭാഷയാണ് നമ്മുടെ മലയാളം എന്നാൽ

ഭരണതലത്തിൽ ഇതുപയോഗിക്കുമ്പോൾ വിവർത്തനത്തിൽ പ്രധാന പോരായ്മയായി ചൂണ്ടികാണിക്കുന്നത് ശാസ്ത്രപഠനം, ശാസ്ത്ര ശാഖകൾ തുടങ്ങിയ മേഖലകളിലെ പദ പ്രയോഗങ്ങളോട് നിർവ്വചിക്കപ്പെടുന്ന തത്തുല്യമായ പദ പ്രയോഗങ്ങളുടെ അപര്യാപ്തതയാണ്. ഇതു ചൂണ്ടി കാട്ടിയാണ് മാതൃഭാഷാ വിരോധികൾ ഇപ്പോഴും നാൾ



മലയാളത്തെ രണ്ടാംകിട ഭാഷയായി താഴ്ത്തി നിർത്തിയിരുന്നത്. എന്നാൽ നാം തിരിച്ചറിയപ്പെടേണ്ടത് നിരന്തരമായ ഉപയോഗത്തിലൂടെ മാത്രമെ ഒരു ഭാഷ സാധാരണയിൽ നിന്നും വ്യത്യസ്തമായ ഭാഷാ പ്രയോഗങ്ങൾക്ക് സജ്ജമാവുകയുള്ളൂ. ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾക്ക് വിനിമയം ചെയ്യാൻ മലയാളം ഉപയോഗിച്ചു തുടങ്ങിയിട്ട് ചുരുങ്ങിയ കാലയളവ് ആകുന്നതേയുള്ളൂ. അതുകൊണ്ടുതന്നെ ചില വാക്കുകൾക്ക് ശുദ്ധമലയാളം പ്രയോഗിക്കുന്നത് ഒഴിവാക്കി നിർത്തിയാൽ ബാങ്കിനെ നാട്ടുകാരിൽ ധനം താങ്ങിയെന്ന് മലയാളികളറിയാതെ 'ബാങ്ക്' എന്നുതന്നെ നിലനിർത്തിയിരിക്കുന്ന പ്രായോഗികത ഇതിലും ഉപയോഗിച്ചെടുത്തിയാൽ മതി, ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

ഭാഷയുടെ ഒറ്റ മൊഴികളിലെന്നപോലെ ഭരണരംഗത്തുമുണ്ട് വാക്യങ്ങളിലുണ്ടാകുന്ന ചെറിയ പിശകുകൾ എന്നാലത് അർത്ഥതലത്തിൽ വലിയ വ്യതിയാനങ്ങൾ സൃഷ്ടിക്കും ഭരണഭാഷയിലെ ഭാഷാപരവും പരിഭാഷാപരവും ഘടനാപരവും വസ്തുതാപരവുമായ പിശകുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും, സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നതിന് തടസം സൃഷ്ടിക്കുകയും ചെയ്യും. അതുകൊണ്ട് തന്നെ ഭരണഭാഷയിൽ വരേണ്ടത് ഒരു രീതിയിൽ മാത്രം വ്യാഖ്യാനിക്കപ്പെടുന്ന എന്നാൽ ലളിതമായ പ്രയോഗങ്ങളും വാക്കുകളും മാത്രം ഉപയോഗിക്കുക എന്നതാണ്. ഇതുപോലെ തന്നെ ഭരണഭാഷയിലേക്ക് മലയാളം മാറിയപ്പോൾ ചില പദങ്ങൾ വിവർത്തനം ചെയ്യുന്നതിലുള്ള വിഷയ ആഴവും അതിലെ സാങ്കേതിക പിശകുകളുമുണ്ട്. പ്രശസ്തനായ എഴുത്തുകാരൻ പറഞ്ഞപോലെ കവിത പരിഭാഷപ്പെടുത്തുമ്പോൾ അതിൽ നിന്ന് ചോർന്നുപോകുന്നതാണ് 'കവിത'. പരിഭാഷപ്പെടുത്തിയ കവിത ഗദ്യമായി വായിക്കാനെ നമുക്ക് കഴിയൂ. ഇതേ പ്രശ്നം തന്നെ ഭരണഭാഷയാക്കുമ്പോൾ മലയാളവും നേരിടുന്നുണ്ട് നമുക്ക്

ചെയ്യാൻ കഴിയുന്നത് ലിഖിതരൂപത്തിൽ വ്യക്തമായ നാമം, ക്രിയ, വിശേഷണം തുടങ്ങിയ വ്യാകരണ സവിശേഷതകൾ മലയാളരൂപത്തിൽ പരമാവധി നിലനിർത്തുക എന്നതാണ്. ഉദാഹരണത്തിന് Cancel എന്നാൽ റദ്ദാക്കുക എന്നും Cancellation എന്നാൽ റദ്ദാക്കൽ എന്നും കൃത്യമായി വേർതിരിച്ചെഴുതുവാൻ നമുക്ക് കഴിയണം. Category എന്ന വാക്ക് 'വിഭാഗം' എന്ന് തർജ്ജമ ചെയ്യുമ്പോൾ 'Category change' തസ്തിക മാറ്റം എന്നല്ല മറിച്ച് 'വിഭാഗമാറ്റം' എന്നുതന്നെ എഴുതണം. കൂടാതെ ഇംഗ്ലീഷ് ഭാഷയിൽ നിന്ന് ക്രിയാരൂപങ്ങൾ കടം വാങ്ങുമ്പോൾ ലോഗിൻ ചെയ്യുക, സസ്പെന്റ് ചെയ്യുക എന്നിങ്ങനെ ചെയ്യുക എന്നിങ്ങനെ 'ചെയ്യുക' ചേർത്ത് പ്രയോഗിക്കുന്ന രീതി പരമാവധി ഉപയോഗപ്പെടുത്തുക. എന്നാൽ പിൻതാങ്ങുക, ചോദ്യം ചെയ്യുക, സ്ഥഗിതപ്പെടുത്തുക തുടങ്ങിയ മലയാള പദങ്ങൾ സർവ്വസാധാരണമായി ഉള്ളപ്പോൾ Support ചെയ്യുക question ചെയ്യുക, സസ്പെൻഡ് ചെയ്യുക എന്നും മറ്റും പ്രയോഗിക്കുകയും അരുത്. കടമെടുക്കുന്ന വാക്കുകൾ മലയാളവിവർത്തനം അർത്ഥസമ്പുഷ്ടമായവ മാത്രമാകാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

Revenue Department have not yet returned our file. എന്ന നിർദ്ദേശം ഭരണഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുമ്പോൾ 'റവന്യൂ വകുപ്പ് നമ്മുടെ ഫയൽ ഇനിയും തിരിച്ചയച്ചിട്ടില്ല' എന്ന രൂപത്തിലേക്ക് ലളിതവൽക്കരിക്കപ്പെടാവുന്നതാണ്. ഇവിടെ Revenue, File എന്നീ വാക്കുകൾ മലയാളീകരിക്കുന്നതിനു പകരം നിലനിർത്തി പോകാവുന്നതാണ്. ഒരു പക്ഷേ ഇതിന്റെ മലയാളീകരണം സാധാരണക്കാരായ ഒരു മലയാളിയ്ക്കും സുപരിചിതമായിരിക്കണം എന്നില്ല.



ഭരണഭാഷയായി മലയാളം മാറുമ്പോൾ ശ്രദ്ധിക്കേണ്ട ഒന്ന്. ഭാഷാപ്രയോഗത്തിലെ പദശുദ്ധിയാണ്. ഭാഷാ പ്രയോഗം നന്നായി നടക്കണമെങ്കിൽ ശരിയായ പദങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും ഭാഷാബോധവും ഉണ്ടാകേണ്ടതുണ്ട്. പദങ്ങളിലെ തെറ്റും ശരിയും തിരിച്ചറിയുകയും ശരിയെ പ്രയോഗിക്കുകയുമുള്ള എന്ന തലത്തിലേക്ക് നാം എത്തുമ്പോഴാണ് ശുദ്ധമലയാളം രൂപപ്പെടുക.

ഉച്ചാരണത്തിലെ പിഴവുകൾ അതേപടി പ്രയോഗിക്കുമ്പോൾ തെറ്റായി എഴുതാൻ നമ്മെ പ്രേരിപ്പിക്കും. അനാവശ്യ ചിഹ്നങ്ങൾ മറ്റുപദങ്ങളോടുള്ള അനുകരണം തുടങ്ങിയവ ബോധപൂർവ്വമല്ലാതെ നമ്മളെ തെറ്റിലേക്ക് നയിക്കും. അതുകൊണ്ടുതന്നെ മലയാള പദങ്ങൾ പരിചിതമാക്കുക എന്നതാണ് ഇതിനുള്ള പോംവഴി. കവയിത്രി എന്ന വാക്ക് കവയത്രി എന്നാണ് നമ്മൾ ഭൂരിഭാഗം പേരും എഴുതുന്നത്. ചുമതലബോധത്തെ 'ചുമതലാ' എന്ന് ദീർഘിപ്പിക്കേണ്ടതില്ല. 'ഏകകണ്ഠേന' എന്ന് പറയാറുണ്ടെങ്കിലും ഐകകണ്ഠേന എന്നതാണ് ശരിയായ പ്രയോഗവും ഉച്ചാരണവും. 'അതാത്' എന്ന വാക്കിൽ 'ത' കഴിഞ്ഞുള്ള '്' ചിഹ്നം ആവശ്യമില്ല. എന്നുള്ളതാണ് ഔദ്യോഗിക ഭാഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പറയുന്നത്. 'അദ്ധ്യാപകൻ' എന്ന വാക്കിലെ 'ദ്'യും ധയും ചേർന്നുള്ള അക്ഷരം ഒഴിവാക്കി 'ധ' മാത്രമായി ചുരുങ്ങിയതുപോലെ ഭാഷയിലെ പരിഷ്കരണങ്ങളും പ്രയോഗങ്ങളും നിരന്തരം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കും.

ഭരണതലത്തിൽ മലയാളം ഔദ്യോഗിക ഭാഷയായി തുടരുമ്പോൾ ഇത്തരം മാറ്റങ്ങളെക്കൂടി നാം സംയോജിതമായി തിരിച്ചറിയേണ്ടതുണ്ട്.

# ഒരു ഞാറ്റുനടീൽ പാട്ട്

സൂര്യനുദിച്ചു കണ്ടേ താതികന്താരോം
നേരം പുലർന്നു പോയേ താതിതിനന്തോം
ഒരു പിടി ഞാറെടുത്തേൻ
താതികന്താരോം ആദിത്യൻ
കതിരുനോക്ക്യേ താതികന്താരോം
ആദിത്യൻ കതിരു കണ്ടേ
താതികന്താരോം
ദൈവത്തെ കൈയെടുത്തേൻ
താതിതിനന്തോം തമ്പുരാൻ വന്നല്ലോ
താതികന്താരോം തല്ലിക്കരകേറ്റുമേ
താതിതിനന്തോം നട്ടിട്ടും തീരുന്നില്ലേ
താതികന്താരോം നേരം പുലർന്നു പോയേ
താതിതിനന്തോം മേനി തളർന്നു പോയേ
താതികന്താരോം നേരം......

കഥാരചന
ഒന്നാം സമ്മാനം

# പുത്രബന്ധം

വർഷ ഗോപാൽ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
ചിറയിൻകീഴ് താലൂക്ക്



അത്യാവശ്യം രണ്ടു ജോഡി ഡ്രസ്സുകൾ ബാഗിൽ എടുത്തു വച്ചു. അതിന്റെ ആവശ്യമേയുള്ളൂ. ഇനി ഇങ്ങോട്ട് ഒരു വരവില്ലല്ലോ. കണ്ണു നിറഞ്ഞു തുളുമ്പാതിരിക്കാൻ വളരെയധികം പ്രയാസപ്പെട്ടു. മുന്നിലുള്ള കാഴ്ചകൾ മറയുന്നു. പുറം കൈകൊണ്ട് തുടച്ച് ബാഗിൽ മരുന്നും കല്യാണസാരിയും മാത്രം. അമ്മേ എന്നുള്ള വിളികേട്ട് തിരിഞ്ഞു നോക്കി "അമ്മ ഈ മൊബൈൽ കൂടി ബാഗിൽ വയ്ക്കണം. ഞാൻ ഇടയ്ക്കിടെ വിളിക്കാം. പിന്നെ മരുന്നൊക്കെ കൃത്യമായി കഴിക്കണം. എന്തെങ്കിലും വന്നാൽ ഞങ്ങൾക്ക് ഓടിവരാൻ ഒന്നും പറ്റില്ല."
"ഉം" ഒരു മൂളലിൽ ഞാൻ നിർത്തി.

അവന്റെ കുഞ്ഞുങ്ങളെ നോക്കാൻ എന്റെ മകളുടെ അടുത്തു നിന്നും അവൻ കൊണ്ടുവന്നതാ. അവന്റെ അമ്മകൂടിയാണെന്നുള്ള അവകാശവാദം ഉന്നയിച്ചുകൊണ്ട്. തിരികെ അവിടെ കൊണ്ടുപോകുന്നതിനോട് അവനോട് ചോദിച്ചപ്പോൾ "സ്വന്തം അമ്മയല്ലേ എന്നാന്നു വച്ചാൽ ചെയ്യൂ

തിരിച്ച് ഇനി അങ്ങോട്ട് പോകാൻ പറ്റില്ല.

കഴിഞ്ഞ ദിവസം ചെറുകുട്ടി "അമ്മൂമ്മയെ കൂടെ അമ്മൂമ്മമാരും അപ്പൂപ്പൻമാരും ഉള്ള ഒരു വീട്ടിൽ അച്ഛനും അമ്മയും കൊണ്ടുപോകുന്നു" എന്നു പറഞ്ഞപ്പോഴാണ് ഞാൻ ഇവിടെ നിന്നും പോകുന്നു എന്നുള്ള ബോധം വന്നത്. രാത്രി മകൻ വന്ന് അമ്മ രാവിലെ തയ്യാറായി നിൽക്കണം, ഞങ്ങൾ അമ്മയെ നല്ല സുരക്ഷിതമായ സ്ഥലത്ത് കൊണ്ടാക്കാം. തിരിച്ച് ഒന്നും പറഞ്ഞില്ല ചെറുകുട്ടി പറഞ്ഞത് ഓർമ്മ വന്നു.

രാവിലെ തയ്യാറായി നിന്നു കാറിൽ കയറും മുന്നേ ഒരിക്കൽ കൂടി വീട്ടിലേക്ക് കണ്ണു പാഞ്ഞു. ഞാൻ എന്റെ ഇടമായി കരുതിയ എന്റെ വീട്, എന്റെ സ്വർഗ്ഗം. കണ്ണുനീർ കൊണ്ട് ആ കാഴ്ച മറഞ്ഞുപോയി. ആരെയും കുറ്റം പറയാനാകില്ല. മക്കൾക്ക് അവരുടേതായ ജീവിതത്തിൽ തടസ്സമായി തോന്നിയതിനാലാവാം....



അടുത്ത എന്റെ വീട്ടിലെത്തി. എനിക്കായി തന്ന മുറിയിൽ ഞാൻ കയറി. അതിനകത്ത് വേറെയും രണ്ടു കട്ടിലുകൾ. ഒന്നിൽ നിന്നും വല്ലാതെ മുഷിഞ്ഞ മണമുണ്ട്. കിടപ്പായ ആൾ ആണ്. മുറിയിലെ ജനാലയിലേക്ക് നോക്കി. അതിലൂടെ പുറത്തേക്ക് നോക്കുമ്പോൾ മകനും മരുമകളും ചെറുകുട്ടിയും നടന്ന് കാറിൽ കയറുന്നു. ആ കാഴ്ച കണ്ണിൽ നിന്നും മറയുന്നതു വരെ അവിടെ നിന്നു. ഇനി അങ്ങോട്ട്.... ഇനി ആരും വിളിക്കില്ലെന്ന്

ഉറപ്പുള്ളതുകൊണ്ട് ജനലയിലൂടെ
മൊബൈൽ വലിച്ചെറിഞ്ഞു. തിരികെ
കട്ടിലിൽ വന്നിരുന്നു. അവരൊക്കെയാ
പരിചയപ്പെടാനെന്നവണ്ണം നോക്കി ചിരി-
ക്കുന്നുണ്ട്. ഒന്നും മനസ്സിൽ തോന്നിയില്ല
കട്ടിലിൽ കൈകുത്തി കുനിഞ്ഞിരുന്ന്
ആലോചിച്ചു. വീണ്ടും എഴുന്നേറ്റ് മുറി-
യിലാകെ കണ്ണോടിച്ചു. ചുവരിൽ ഒരു
കണ്ണാടി. അതിന്റെ മുന്നിൽ പോയിനിന്നു
ദുഃഖം സസൂക്ഷ്മം നിരീക്ഷിച്ചു. അവി-
ടവിടെ നരകൾ. ജീവിതത്തിന്റെ ഓ-
ട്ടപ്പാച്ചിലിനിടെ എനിക്ക് നര വന്നത് ഞാൻ
മറന്നുപോയി. ഒരു പക്ഷേ ശ്രദ്ധിക്കാ-
ഞ്ഞിട്ടാകാം. അത് മകൻ മനസ്സിലാക്കി.

നേരം സന്ധ്യയായി. കുളിച്ചു ഉ-
വർത്തി നീണ്ട മുടി കോതിയൊതുക്കി. നെറ്റിയിൽ
ഭസ്മം തൊട്ടു. മുടങ്ങാതെ ചെയ്യുന്ന പ്രവൃ-
ത്തി- ഇത്. എന്റെ മറക്കാനാകാത്ത ദിവസ-
മാണ്. നന്നായൊരുങ്ങണം. വല്ലാത്തൊ-
രാവേശം. കല്യാണസാരിയോർമ്മ വന്നു. ആ
പട്ടുസാരിയുടുത്തു. കട്ടിലിൽ കിടന്നു...

പിറ്റേദിവസം മകന്റെ മൊബൈ-
ലിൽ "ഹലോ, ഞാൻ വൃദ്ധസദനത്തിലെ സെ-
ക്രട്ടറിയാണ്. ഇന്നലെ വന്നില്ലേ, അവർ....."
മറുപുറം മറുപടി...

"ഞങ്ങൾ ഇന്നലെ വന്നതേയുള്ളൂ.
ടിക്കറ്റ് കിട്ടാൻ താമസം നേരിട്ടു. ചടങ്ങു-
കൾ എല്ലാം അതാതിന്റെ രീതിയിൽ ചെ-
യ്യുക. കാശ് എത്രയായെന്ന് പറഞ്ഞാൽ
മതി. അയച്ചുതരാം"

"ഉം.... ഉം..."



കഥാരചന
രണ്ടാം സമ്മാനം

# വൃദ്ധസദനം

സജിനി ജി. കെ.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ,
തിരുവനന്തപുരം താലൂക്ക്.



ഉണ്ണിക്കുട്ടൻ എന്നത്തേയും രാവിലെ എഴുന്നേറ്റു. വീടാകെ ഒരു നിശ്ശബ്ദത. എന്തായിരിക്കും? ഉണ്ണിക്കുട്ടൻ ചിന്തിച്ചു. ചുറ്റും നോക്കി എന്നും തന്നെ വിളിച്ചുണർത്തുന്ന തന്റെ പ്രിയപ്പെട്ട മുത്തശ്ശി എവിടെ? പറമ്പിലെങ്ങാനും അലഞ്ഞു തിരിഞ്ഞു നടക്കുന്നുണ്ടാകും. ഉണ്ണിക്കുട്ടൻ ഉറക്കച്ചടവോടെ എഴുന്നേറ്റു.

മുറ്റത്തേക്ക് ഇറങ്ങിയപ്പോൾ തന്റെ ശ്വാനൻ ജുത്തി ഓടിക്കളിക്കുന്നുണ്ടായിരുന്നു. അവൾക്ക് അറിയില്ലെങ്കിലും വെറുതെ ചോദിച്ചു. മുത്തശ്ശി എവിടെ? അവൾ കേട്ടഭാവം പോലും കാണിച്ചില്ല. എന്തായാലും തിരയാം.

അച്ഛൻ എവിടെ പോയിരിക്കും? ഉണ്ണിക്കുട്ടൻ ചിന്തിച്ചു. കാർ ഷെഡിലേക്ക് നോക്കി, അപ്പോൾ അച്ഛൻ രാവിലെ എങ്ങോട്ടോ പോയിരിക്കാം. നടന്നു നടന്ന് അടുക്കള ഭാഗത്തെത്തി, അവിടെ ഇന്ദു അമ്മ എന്നത്തേയും പോലെ ജോലിയിൽ തിരക്കിൽ തന്നെ. എന്നാലും മുഖത്ത് എന്തോ വിഷാദ ഭാവം. എന്നെ കണ്ടതും പൊട്ടിക്കരഞ്ഞുവോ? അതോ എനിക്ക് തോന്നിയതാണോ?

സ്വീകരണമുറിയിൽ അതാ തന്റെ അമ്മ. എവിടെ മുത്തശ്ശി? ഉണ്ണിക്കുട്ടൻ ചോദിച്ചു. അമ്മയ്ക്ക് ഒരു സങ്കോചവും ഇല്ല. അമ്മ പറഞ്ഞു, മുത്തശ്ശി ഇനി ഇവിടെയല്ല താമസം. പ്രായമായിക്കഴിഞ്ഞാൽ പിന്നെ മുത്തശ്ശിമാരെ നമ്മളൊ-



ടൊപ്പം നിർത്താൻ പാടില്ല.

തന്റെ അമ്മയുടെ മറുപടി ഉണ്ണിക്കുട്ടൻ ഞെട്ടലോടെ ശ്രവിച്ചു. അപ്പോൾ തനിക്ക് ഇനി ആരു കഥ പറഞ്ഞു തരും? ആരാണ് തന്നെ ഉറക്കുക? ആരാണ് ആഹാരം തരിക? മനസ്സിൽ നിരവധി ചോദ്യങ്ങൾ ഉയർന്നു. ഒന്നിനും മറുപടി പറയാതെ അമ്മ എഴുന്നേറ്റു പോയി.

ഉണ്ണിക്കുട്ടന് താങ്ങാവുന്നതിലുമേറെ ആയിരുന്നു. ആരോടാണ് പറയുക. ഇനി അച്ഛൻ തന്നെ ആയി ആശ്രയം. കാത്തിരിക്കാം. ഇന്ന് അവധി ആയത് നന്നായി. ഇല്ലെങ്കിൽ മുത്തശ്ശിയുടെ അടുത്തെത്താൻ സാധിക്കില്ലല്ലോ. അച്ഛൻ വന്നാലുടൻ തന്നെ മുത്തശ്ശിയുടെ അടുത്ത് എത്തിക്കാൻ പറയണം. കാത്തിരിപ്പ് നീണ്ടു.

ഉച്ചസമയമായി. ഉണ്ണിക്കുട്ടൻ ജനലഴികളിൽ കൂടി പുറത്തേയ്ക്ക് നോക്കിനിന്നു. അതാ തന്റെ അച്ഛന്റെ കാർ ഗേറ്റ് കടന്നു വരുന്നു. ഓടിയെത്തി പുറത്തേയ്ക്ക്. അച്ഛന്റെ മുഖത്തും ഉണ്ട് വിഷാദ ഭാവം. എന്തിനായിരിക്കും മുത്തശ്ശിയെ മാറ്റി താമസിപ്പിക്കുന്നത്. ഉണ്ണിക്കുട്ടന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

അച്ഛനെ കണ്ടതും ഉണ്ണിക്കുട്ടൻ വാശി പിടിച്ചു. ഒന്നും പറഞ്ഞ് സമാധാനിപ്പിക്കാൻ അയാൾക്ക് ആയില്ല. അവസാനം ഒരുതരത്തിൽ നാളെ മുത്തശ്ശിയുടെ അടുത്ത് എത്തിക്കാം എന്നു പറഞ്ഞ് വീടിനകത്തേക്ക് പോയി.

ഉണ്ണിക്കുട്ടന് ചെറിയൊരു ആശ്വാസം തോന്നി. തന്റെ അച്ഛൻ പറഞ്ഞതല്ലേ. തീർച്ചയായും കൊണ്ടുപോകും. വല്ലാത്ത ഏകാന്തത. മുത്തശ്ശിയില്ലാതെ തന്റെ ആദ്യത്തെ ദിനം. എന്തിനും ഏതിനും മുത്തശ്ശി വേണമായിരുന്നു ഉണ്ണിക്കുട്ടന്. എന്തെല്ലാം കഥകൾ അറിയാമായിരുന്നു മുത്തശ്ശിക്ക്. കൂട്ടുകാരുടെ മുമ്പിൽ മുത്തശ്ശി പറഞ്ഞുതന്ന കഥകൾ പറയുമ്പോൾ എന്ത് അഭിമാനമായിരുന്നു.

എല്ലാവരുടേയും കൈയടി ശബ്ദം ഉണ്ണിക്കുട്ടന്റെ കാതിൽ വീണു. എന്ത് രസമായിരുന്നു ആ കഥകൾ. ഉറങ്ങാൻ കിടന്നിട്ട് ഉറക്കം വരുന്നതേ ഇല്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. എപ്പോഴോ ഉറങ്ങിപ്പോയി.

രാവിലെ എഴുന്നേറ്റു. അച്ഛനെ വിളിച്ചുണർത്തി. ഉണ്ണിക്കുട്ടൻ ശാന്തത്തിൽ തന്നെ. അവർക്ക് യാതൊരു ഭാവമാറ്റവുമില്ല. അവസാനം തന്റെ മകനെയും കൊണ്ട് അച്ഛൻ യാത്ര തിരിച്ചു. ഒരു നീണ്ടയാത്ര തന്നെ ആയിരുന്നു. പെട്ടന്ന് ഉണ്ണിക്കുട്ടൻ ഉറക്കത്തിലായി. തന്റെ അച്ഛന്റെ വിളികേട്ട് ഞെട്ടി ഉണർന്നു.



ഇത് ഏതാണ് സ്ഥലം. ഉണ്ണിക്കുട്ടൻ ചോദിച്ചു. എന്താ ഭംഗി. നിറയെ ചെടികൾ. പൂക്കൾ. വല്ലാത്തൊരു മനോഹാരിത. ശാന്ത സുന്ദരമായ സ്ഥലം. ഉണ്ണിക്കുട്ടന് വല്ലാതെ ബോധിച്ചു. ഇവിടെയാണോ മുത്തശ്ശിയുടെ താമസം. ഉണ്ണിക്കുട്ടൻ ചോദിച്ചു. അതെ എന്ന മട്ടിൽ അച്ഛൻ തലയാട്ടി. ഇവിടെ എത്ര മുത്തശ്ശിമാരെ നരച്ച മുത്തശ്ശിമാർ. എന്താ ഭംഗി ഈ കാഴ്ചകൾ കാണാൻ. ഉണ്ണിക്കുട്ടൻ തിരയുന്നുണ്ടായിരുന്നു തന്റെ മുത്തശ്ശിയെ.

അതാ തന്റെ മുത്തശ്ശി. ആൾക്കൂട്ടത്തിൽ നിന്നും തന്റെ മുത്തശ്ശിയെ തിരിച്ചറിഞ്ഞു. ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു. മുത്തശ്ശിക്ക് സന്തോഷം സഹിക്കാൻ പറ്റാത്തതായി തോന്നി. എന്തിനാ മുത്തശ്ശി ഇവിടേക്ക് വന്നത്? ഉണ്ണിക്കുട്ടൻ ചോദിച്ചു. തന്റെ പേരമകനെ ചേർത്തു പിടിച്ച് മുത്തശ്ശി തന്റെ മടിയിൽ പിടിച്ചിരുത്തി. എന്നിട്ട് മുത്തശ്ശി ഒരു കഥ പോലെ അവന്റെ ചെവിയിൽ മന്ത്രിച്ചു. മുത്തശ്ശിക്ക് സ്വർഗത്തിൽ പോകേണ്ടതല്ലേ. നമ്മുടെ വീട്ടിൽ നിന്നാൽ അത് പറ്റില്ല. ഇവിടെ വരുന്നവരെല്ലാം സ്വർഗത്തിലേക്കാ പോവുക. ഉണ്ണിക്കുട്ടൻ അതിശയത്തോടെ മുത്തശ്ശിയെ നോക്കി. മുത്തശ്ശി വീണ്ടും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു

ഉണ്ണിക്കുട്ടൻ ഏതോ മായാലോകത്ത് എത്തിയ പോലെ. മുത്തശ്ശിയുടെ വാക്കുകൾ ചെവിയിൽ അലയടിക്കുന്നു. സ്വർഗം, പൂക്കൾ, സൗരഭ്യം, മാലാഖ. എന്നൊക്കെയാ മുത്തശ്ശിയുടെ വാക്കുകൾ. ഉണ്ണിക്കുട്ടന് തന്നെ വല്ലാത്ത ആശങ്ക, തന്റെ മുത്തശ്ശിക്ക് അപ്പോൾ ഇവിടെ താമസിച്ചാലെ സ്വർഗത്തിലേക്ക് എത്തപ്പെടുകയുള്ളൂ. മുത്തശ്ശിയെ പോലെ തന്നെ സുന്ദരമായിരിക്കും മുത്തശ്ശിയുടെ ലോകം.

ആ പടി ഇറങ്ങുമ്പോൾ ഉണ്ണിക്കുട്ടന് പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷം. എന്നാൽ അച്ഛന് ഇപ്പോഴും വിഷാദഭാവമാണ്. എന്തിനായിരിക്കും അച്ഛന്റെ കണ്ണുകൾ ഈറനണിഞ്ഞത്.

ആരും കാണാതെ ജനലഴികളിൽ പിടിച്ച് ആ മുത്തശ്ശി തന്റെ പേരക്കുട്ടി കണ്ണിൽ നിന്ന് മറയുന്നതു വരെ നോക്കി നിന്നു. തനിക്ക് സ്വർഗം കിട്ടിയില്ലെങ്കിലും തന്റെ മകന്റെ സ്വർഗ ജീവിതം നഷ്ടപ്പെട്ടുകൂടാ. വല്ലാത്തൊരു വീർപ്പുമുട്ടൽ അവിടെ ആകെ തങ്ങി നിന്നു....



കവിതാരചന
ഒന്നാം സമ്മാനം

# മഴ



എത്രത്തോളം ആർദ്രയാകാൻ
എനിക്ക് കഴിയുമെന്ന് എന്നെ പഠിപ്പിച്ചവൾ
ആളൊഴിഞ്ഞ പീടികത്തിണ്ണയിൽ
അരണ്ട വെളിച്ചത്തിൽ ഒറ്റയ്ക്ക് നിൽക്കുമ്പോൾ
എത്രത്തോളം നിർഭയയാകാൻ എനിക്ക് കഴിയുമെന്ന്
എന്നെ പഠിപ്പിച്ചവൾ
പുസ്തകക്കെട്ടും മാറത്തടുക്കി
ചെറുകുടക്കീഴിൽ തനിയെ നടക്കുമ്പോൾ
നനയുന്ന കൂട്ടരെ കൂടെ കൂട്ടുമ്പോൾ
എന്റെ ചെറു കൈകളാൽ വലിയ ലോകം
എന്നിലേക്ക് അണച്ചു പിടിക്കാൻ എന്നെ പഠിപ്പിച്ചവൾ
ഒരു ചേമ്പിലത്തുമ്പിനാൽ പ്രതിരോധം തീർപ്പിച്ച്
മുന്നിൽ ആർത്തിരമ്പിയാർക്കുന്ന
രോഷത്തിൻ മുന്നിൽ
ചെറുചിരിയോടെ നിൽക്കാനെന്നെ പഠിപ്പിച്ചവൾ
മണ്ണിൽ വീണുടയേണ്ട ഒരു തുള്ളിയിൽ
വൈരശോഭ നിറച്ച്
എല്ലാം വലുതാണ് ഒന്നും ചെറുതല്ല
എന്നെന്നെ പഠിപ്പിച്ചവൾ.
നിർത്താതെ തുടരാൻ വിരൽത്തുമ്പിൽ
പിടിച്ചെന്നെ മുന്നോട്ട് നടത്തുന്നുവെങ്കിലും
യാത്രക്ക് വിരാമം അനിവാര്യമെന്ന്
എന്നെ പഠിപ്പിച്ച് നിൽക്കാൻ പറഞ്ഞവൾ
നിർത്തുന്നു ഞാൻ.

നീജു ആർ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
ചിറയിൻകീഴ് താലൂക്ക്

കവിതാ രചന
രണ്ടാം സമ്മാനം

നിധിൻ ബാബു എം.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവസ്റ്റിഗേറ്റർ
തിരുവനന്തപുരം

# മഴ



ഒരു യാത്രപോകണം
മഴപെയ്തു തോർന്ന വഴിയിലൂടെ
ഓർമ്മസഞ്ചിയുമായി നടക്കാനിറങ്ങി
മാഞ്ഞുപോകുന്ന ഓർമ്മകളെത്തേടി
ഇരുണ്ട പച്ചപ്പുകളിലെ തണുപ്പ് തേടി

എനിക്കേറെ പ്രിയം രാവിലെകളിലെ
മഴയുടെ ഇരമ്പലായിരുന്നു.
കല്പടവുകളിൽ പച്ചപ്പട്ടുപായയിൽ കോറിയിട്ട
ശില്പങ്ങളെ തിരയണം.

ചേറുപുതഞ്ഞ വരമ്പുകളിലൂടെ ചേമ്പിലക്കുട
ചൂടി വീണ്ടും നടക്കണം
വയലറ്റ് പൂക്കൾ വിടരുന്ന മധുരക്കിഴങ്ങ് പാടങ്ങളും
മാനത്തുകണ്ണി തുള്ളിക്കളിക്കുന്ന ചെറു തോടുകളും
കടന്ന ഓർമ്മ സഞ്ചിയും പേറി ഞാൻ മടങ്ങുന്നു.

# മഴ

മനു എസ്.കെ.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവസ്റ്റിഗേറ്റർ II
ചിറയിൻകീഴ് താലൂക്ക്



മഴ കൂടിയാൽ പ്രളയം
പ്രളയം വന്നാൽ സ്നേഹം,
സൗഹാർദ്ദം മതമൈത്രി
മഴ പോയാൽ വൈരം,
വിദ്വേഷം, വർഗീയത
അതുകൊണ്ട് ഇടവേളകളിൽ
മഴയും പ്രളയവും വരണ്ടേ ?

# മഴ

മഴയൊരനുഗ്രഹം
മഴയൊരനുഗ്രഹം
അനുഗ്രഹമായാൽ സമൃദ്ധി
നിഗ്രഹമായാൽ പ്രളയം

കണ്ണൻ ആർ.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവസ്റ്റിഗേറ്റർ I
തിരുവനന്തപുരം താലൂക്ക്

കൃഷ്ണേന്ദു വി. എസ്
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
തിരുവനന്തപുരം താലൂക്ക്



# ജീവമലർ

ഒരു പൂമൊട്ടു വിരിയുന്ന പൂവാടിയിൽ
മണമുള്ള നിറമുള്ള ഒരു നറു പുഷ്പമായ്
മഴയേറ്റു കാറ്റേറ്റു വെയിലേറ്റു വീഴുന്ന
ഒടുവിലാ പുഷ്പവും ഇന്നൂഴിയിൽ
അല്ലയോ മർത്യ. നിന്റെ നൈമിഷികമാം ജീവിതത്തിൽ
എന്തിനു വൃഥാ നീ കലഹിക്കുന്നു പരസ്പരം
ഞാനെന്നഭാവം കളഞ്ഞീടുകെങ്കിലോ
ഞാനും നീയും തുല്യരല്ലോ സദാ . . .
മണ്ണിൽ വീണടിയുന്ന പൂവിനെ പോലെ
ആറടിമണ്ണിൽ തീരേണ്ടവരല്ലേ നമ്മൾ . .



ലേഖനരചന
ഒന്നാം സമ്മാനം

# എന്റെ മലയാളം

രാജ്മോഹൻ എം
ജില്ലാ ഓഫീസ്, തിരുവനന്തപുരം



നമ്മുടെ രാജ്യത്തിലെ ഏറ്റവും താഴെയായി സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തുനിന്നും തലയുയർത്തി നിൽക്കുന്ന ഭാഷയാണ് മലയാളം. കേരളത്തിനു പുറമേ ലക്ഷദ്വീപിലും, തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നിവയുടെ ചില ഭാഗങ്ങളിലും ഈ ഭാഷ സംസാരിക്കുന്നു. ദ്രാവിഡ ഭാഷയായി പരിഗണിക്കുന്ന മലയാളത്തിനു ശ്രേഷ്ഠ ഭാഷാ പദവിയും ലഭ്യമായിട്ടുണ്ട്

ഇതൊക്കെ മലയാളത്തെക്കുറിച്ചുള്ള സാങ്കേതിക വിവരങ്ങൾ മാത്രം. എന്നാൽ ഒരോ മലയാളിയുടെ മനസ്സിലും മഞ്ഞുതുള്ളി പോലെ പെയ്തിറങ്ങുന്ന ഈ ഭാഷ അവന് ജീവവായു തന്നെ. ഭാഷയും അത് സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ മുൻഗണനാക്രമം പരിശോധിച്ചാൽ എന്റെ മലയാളം തീരെ ചെറുതാകുന്നത് കാണാം. എന്നാൽ സാഹിത്യ-സാംസ്കാരിക, ചലച്ചിത്ര മേഖലയിലെ ഈ ഭാഷയുടെ പകർന്നാട്ടം ആരെയും അത്ഭുതപ്പെടുത്തും



അക്ഷരങ്ങളുടെ ബാഹുല്യവും നാവിനു വഴങ്ങാത്ത ഉച്ചാരണ രീതിയും മറ്റു ഭാഷകളിൽ നിന്ന് മലയാളത്തെ വേറിട്ടുനിർത്തുന്നു. എന്നാൽ നമുക്ക് ഈ മലയാളം മധുരമാണ്. ഈ ഭാഷ ഞാവൽ പറമ്പിലെ കാഞ്ഞിരക്കയ്പില്ലാത്തതു പോലെയും അമ്പലപ്പുഴ പാൽപ്പായസം പോലെയുമാണ്. ലോകസാഹിത്യരംഗത്തുതന്നെ ഈ കൊച്ചുഭാഷയുടെ സംഭാവനകളിലൂടെ കണ്ണോടിച്ചാൽ മതി ഈ ഭാഷയുടെ വലിപ്പം മനസ്സിലാക്കാൻ. ലോകോത്തര വിശ്വസാഹിത്യ കൃതികളിൽ പലതിനോടും കിടപിടിക്കുന്നതാണ് നമ്മുടെ ചെമ്മീനും ഖസാക്കിന്റെ ഇതിഹാസവും, നാലുകെട്ടും രണ്ടാമൂഴവും ഡൽഹിയുമെല്ലാം. ഇനിയും അനേകം കൃതികൾ നമ്മുടെ അതിരുകൾ ഭേദിച്ച് വ്യാപിച്ചിട്ടുണ്ട്. സംസ്കൃതഭാഷയുമായി ഈ ഭാഷയ്ക്കു കൈവന്ന അടുപ്പം പ്രാചീനകാലസാഹിത്യകൃതികളെ മലയാളഭാഷയ്ക്ക് എളുപ്പം കൈയെത്തിപ്പിടിക്കാവുന്ന വിധത്തിലാക്കി. ആധുനിക സാഹിത്യശാഖ മലയാളഭാഷയിൽ സജീവമാകുന്നതിനുമുൻപ് തന്നെ മലയാളസാഹിത്യകാരൻമാർ മണിപ്രവാളത്തെ ഉപയോഗിച്ചിരുന്നു. ഈ രീതിയിലുള്ള സാഹിത്യപ്രവർത്തനങ്ങൾ ഭാവിയിൽ ഗൗരവതരമായ ഭാഷാസൃഷ്ടികൾക്ക് ആക്കം കൂട്ടി. ചരിത്രരേഖകളിൽ തുടങ്ങി, കഥയും, കവിതയും, നാടകവും, യാത്രാവിവരണവും ഇന്ന് കവിത പോലുള്ള ചലച്ചിത്രങ്ങളിൽ പോലും ആ ഭാഷാനൈർമല്യം പരന്നുകിടക്കുന്നു. പുരാതന കവിതകളിൽ കാണുന്ന ഭാഷയുടെ ഗൗരവതരമായ അർത്ഥവ്യാപ്തികൾ ഇടനെഞ്ചോടു ചേരുമ്പോൾ കാനനവാഹിനിയും, ചങ്ങമ്പുഴയിലെത്തുമ്പോൾ തെളിവുള്ള ഒരരുവി പോലെ ഒഴുകുന്നതും കാണാം.



എഴുതപ്പെടാത്ത അനേകം നാടൻ പാട്ടുകളിലും ഈ ഭാഷയുടെ സൗന്ദര്യം ഒളിഞ്ഞിരിക്കുന്നു. വാമൊഴിയായി കൈമാറി വരുന്ന അനവധി പാട്ടുകളിലൂടെ വർഷങ്ങൾക്കുമുൻപ് ആരംഭിച്ച ഈ ഭാഷയുടെ പ്രവാഹം തുടരുക തന്നെയാണ്.

എന്നാൽ ഈ കാലഘട്ടത്തിൽ നമ്മുടെ ഭാഷ ചില വെല്ലുവിളികളും നേരിടുന്നുണ്ട് എന്ന് പറയാതെ വയ്യ. അതിന് കാരണങ്ങൾ നമ്മൾ മലയാളികൾ ഒരു വിഭാഗം തന്നെയാണെന്ന് സമ്മതിക്കേണ്ടിവരും. പുതിയ തലമുറയിലെ കുട്ടികളെ മാതൃഭാഷ പഠിപ്പിക്കുന്നതിൽ രക്ഷിതാക്കൾ കാട്ടുന്ന അലംഭാവം ഒരു സാമൂഹ്യപ്രശ്നമായി തന്നെ ഉയർന്നുവരുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം എന്ന വേർതിരിവ് സൃഷ്ടിച്ച കീഴ്‌വഴക്കം ഏറെക്കുറെ പരിഹരിച്ചുവെങ്കിലും ഇന്നും തുടരുന്നത് കാണാം.

ഇംഗ്ലീഷ് മീഡിയം പഠിക്കുന്ന കുട്ടികൾ മിടുക്കരെന്നും, മലയാളം ഭാഷയിൽ പഠിക്കുന്നവർ അതിനു താഴെ വരുന്നവരാണെന്നുമുള്ള പൊതുസമൂഹത്തിന്റെ ധാരണ പൊതുസമൂഹത്തിൽ ശക്തമായി നിലനിന്നിരുന്നു. മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിന് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഇടപെടലുകൾ നടക്കുന്നുണ്ട്. അതുവഴി പുത്തനുണർവ്വുനേടി മലയാള ഭാഷ കൂടുതൽ യൗവനയുക്തയായി വരും തലമുറകളിലേക്കും ഒഴുകി ഇറങ്ങുമെന്നു തന്നെ പ്രത്യാശിക്കാം

ഭാഷയെ സ്നേഹിക്കുന്ന ഓരോ മലയാളിയുടെ ഉള്ളിലും ധനുമാസത്തിരുവാതിര പോലെ ഈ ഭാഷയും ഉണ്ടാകും മലയാളി ഈ ഭൂമുഖത്ത് ശേഷിക്കുന്ന കാലം വരെയും.

# കവിതാമൃതുകൾ

"ഒരൊറ്റ പുസ്തകം
കൈയിലോമനിപ്പതിനുള്ളവൻ
ഏതു സമ്രാട്ടിനേക്കാളുമെന്നാളും
ഭാഗ്യവാർന്നവൻ"

(ഉള്ളൂർ) (ദീപാവലി)

"നിഴലും വെളിച്ചവും മാറിമാറി
നിഴലിക്കും ജീവിതദർപ്പണത്തിൽ
ഒരു സത്യം മാത്രം നിലനിൽക്കുമെന്നും
പരമാർത്ഥ സ്നേഹത്തിൻ മന്ദഹാസം"

(ചങ്ങമ്പുഴ) (ബാഷ്പാഞ്ജലി)

"കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു
കൊച്ചുകുടിൽക്കാകേ നിദ്രാസുഖം"

(വള്ളത്തോൾ) (സാഹിത്യമഞ്ജരി)

"സത്യമോർക്കിൽ മരണം മുതൽക്കതാ-
നന്തമർക്കു തുടങ്ങുന്നു ജീവിതം
അത്തലില്ലവർക്കന്നു തൊട്ടുപിയി-
ലെത്തുകില്ലൂ ഊനം യശസ്സിലും"

(കുമാരനാശാൻ) (വനമാല)



ലേഖനരചന
രണ്ടാം സമ്മാനം

# എന്റെ മലയാളം

പ്രേം കുമാർ പി. എസ്
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
നെയ്യാറ്റിൻകര താലൂക്ക്





ഇന്ത്യയിലെ പ്രധാനപ്പെട്ട ഭാഷകളിലൊന്നായ മലയാളത്തിനെ ഇന്ത്യൻ സംസ്കാരത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഭാഷകളിലൊന്നായി പരിഗണിക്കുന്നു. വളരെ പഴക്കം ചെന്ന ഭാഷകളിലൊന്നായ മലയാളം സംസ്കൃതത്തിന്റെയും തമിഴിന്റെയും ഒരു സങ്കരഭാഷയായി രൂപപ്പെട്ടിട്ടുള്ളതാണ്. ദ്രാവിഡ ഭാഷാ ഗോത്രത്തിൽപ്പെടുന്ന ഒരു ഭാഷയാണ് മലയാളം. മലയാള ഭാഷയുടെ ഈ പ്രത്യേകതകൾ കണക്കിലെടുത്ത് ഭാരതസർക്കാർ മലയാളഭാഷയ്ക്ക് "ക്ലാസിക്" പദവി അനുവദിച്ചിട്ടുണ്ട്.

ഇത്രയും പ്രാധാന്യമുള്ള ഭാഷയായിട്ടും മലയാളികൾ മാതൃഭാഷയോട് അത്ര താല്പര്യം കാണിക്കുന്നില്ല. കേരളത്തിലെ പല



ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും ഇന്ന് മലയാളഭാഷ സംസാരിക്കുന്നതിന് വിലക്കുണ്ട്. ഒരു വ്യക്തിക്ക് ഏറ്റവും എളുപ്പത്തിൽ അയാളുടെ ആശയങ്ങൾ വ്യക്തമാക്കാൻ കഴിയുന്നത് മാതൃഭാഷയിലൂടെയാണ്. ഒരു കുഞ്ഞ് ജനിച്ച് ആദ്യം കേട്ട് പഠിച്ച് സംസാരിച്ച് തുടങ്ങുന്ന ഭാഷ സ്കൂളുകളിൽ സംസാരിക്കുന്നതിനു പോലും ഇന്നത്തെക്കാലത്ത് വിലക്കുണ്ട് എന്നത് ഒരു തരത്തിലും അംഗീകരിക്കാനാവില്ല.

മറ്റു പല രാജ്യക്കാരും അവരുടെ മാതൃഭാഷയോട് കാണിക്കുന്ന സ്നേഹം മലയാളികൾ കണ്ടു പഠിക്കേണ്ടതാണ്. ആ രാജ്യങ്ങളിലൊക്കെ വിദേശഭാഷകൾ പഠിക്കുന്നുണ്ടെങ്കിലും അവരുടെ മാതൃഭാഷയ്ക്ക് തന്നെയാണ് പ്രാധാന്യം കൊടുക്കുന്ന ചൈന, ഫ്രാൻസ്, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയവയൊക്കെ ഇതിന് ഉത്തമ ഉദാഹരണങ്ങളാണ്. ഒരാൾ തന്റെ മാതൃഭാഷയെ ഉപേക്ഷിക്കുന്നത് സ്വന്തം മാതാവിനെ ഉപേക്ഷിക്കുന്നതിന് തുല്യമാണ്.

ഇംഗ്ലീഷ് പോലുള്ള ഇതര ഭാഷകൾ പഠിക്കുന്നതോടൊപ്പം സ്വന്തം മാതൃഭാഷ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ മാതൃഭാഷയോടുള്ള താൽപര്യം



ഉണ്ടാക്കിയെടുക്കുന്നതിനും ഗവൺമെന്റ് തലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നത് വളരെ ആശ്വാസകരമാണ്. വള്ളത്തോൾ പണ്ട് പാടിയതുപോലെ മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ എന്ന വരികൾ എപ്പോഴും ഓർമ്മിക്കപ്പെടട്ടെ.

ഇന്ത്യൻ സാഹിത്യത്തിലെ ഏറ്റവും ഉന്നതമായ പുരസ്കാരമായി കരുതപ്പെടുന്ന ജ്ഞാനപീഠ പുരസ്കാരം ആദ്യമായി ലഭിച്ചത് ഒരു മലയാള കൃതിയായ "ഓടക്കുഴൽ" എന്ന ജി. ശങ്കരക്കുറുപ്പിന്റെ കൃതിക്കാണെന്നതിൽ എല്ലാ മലയാളികൾക്കും എപ്പോഴും അഭിമാനിക്കാവുന്നതാണ്. ഇന്ത്യൻ സാഹിത്യത്തിന്, അതുല്യമായ സംഭാവനകൾ നൽകിയിട്ടുള്ള ഭാഷയാണ് മലയാളഭാഷ.



ഇന്ത്യൻ സാഹിത്യത്തിൽപ്പോലും
സ്മരിക്കപ്പെടുന്ന ഒരു പാട്
സാഹിത്യകാരന്മാർ മലയാളഭാഷ
യിൽ നിന്നുണ്ടായിട്ടുണ്ട്. എം. ടി.
വാസുദേവൻ നായരും, വൈക്കം
മുഹമ്മദ് ബഷീറും, മാധവിക്കുട്ടിയും,
ഒ. എൻ. വിയും, ബെന്യാമിനും, ജോ
ഷി ള്ളിയും തുടങ്ങി മലയാള
ഭാഷ ഇന്ത്യൻ സാഹിത്യത്തിന് സംഭാ
വന ചെയ്തിട്ടുള്ള എഴുത്തു
കാരുടെ നിര സുഭാഷ് ചന്ദ്രനിലൂ-
ടെയും, കെ ആർ മീരയിലൂടെയും
തുടങ്ങി നവസാഹിത്യകാരന്മാരി
ലൂടെ ഇന്നും അനുസ്യൂതം
തുടർന്നുകൊണ്ടിരിക്കുന്നു.

എന്റെ മലയാളഭാഷയെക്കുറിച്ച്
പറയുമ്പോൾ കുഞ്ചൻ, തുഞ്ചൻ,
ചെറുശ്ശേരി എന്നിവരെക്കുറിച്ച്
പറയാതെ പോകാനാകില്ല. പ്രാചീന
മലയാള കവിത്രയങ്ങളായ ഇവരാണ്
മലയാളഭാഷയെ സംസ്കൃതത്തിന്റെ
സ്വാധീനത്തിൽ നിന്നുമാറി വളർന്ന്
പൂർണ്ണതയിലേക്കെത്തിയത്.
തുഞ്ചത്തെഴുത്തച്ഛനെ മലയാള
ഭാഷയുടെ പിതാവായി കണക്കാക്കപ്പെടു
ന്നു. ആശാൻ, ഉള്ളൂർ, വള്ളത്തോൾ
തുടങ്ങിയ ആധുനിക കവിത്രയങ്ങൾ
മലയാളഭാഷയ്ക്കു നൽകിയ സംഭാവ
നകൾ നമുക്ക് വിസ്മരിക്കാനാവില്ല.

# തകരപ്പാട്ട്

മാനത്തിടിവെട്ടി മുളച്ചു പൊട്ടി.....
അന്നുമുളച്ചോരു പൊൻതകര
വെള്ളോന്റെ വള്ളോത്തി മിനുക്കി വള്ളോത്തി
നീ കൂടി പോരേടി തകരനുള്ളാൻ
ഇരുന്നു നുള്ളി പിന്നെ നടന്നു നുള്ളി പിന്നെ
വട്ടിലൊരു വട്ടി തകര നുള്ളി.
തട്ടാന്റെ തട്ടാത്തി മിനുക്കി തട്ടാത്തി
നീ കൂടി പോരേടി തകരനുള്ളാൻ
നിന്നു നുള്ളി പിന്നെ നടന്നു നുള്ളി പിന്നെ
വട്ടിലൊരു വട്ടി തകര നുള്ളി
പഞ്ഞ്നാര് കെട്ടിയ തുഞ്ചിമുറ്റത്തില്
കൊണ്ട് ചൊരിയണ് പൊൻതകര
കൊല്ലൻ തല്ലിയ കുഞ്ഞരിവാൾ കൊണ്ട്
കുനുകുനരിയണ് പൊൻതകര
കൊശവൻ തട്ടിയ കുട്ടികലത്തില്
വാരിനിറയ്ക്കണ് പൊൻതകര
ആശാരി ചുട്ടിയ ചിത്രക്കൂണ്ടടുപ്പത്ത്
ഓടേറ്റിക്കോറണ് പൊൻതകര
ആശാരി കൂത്തിയ കുഞ്ഞിക്കൈലുകൊണ്ട്
കോരിവറിയണ് പൊൻതകര
അരയാലും പേരാലും ആഞ്ഞിലി വിറകിട്ട്
ആളിപ്പുടരുന്ന പൊൻതകര
കുട്ടാടൻ നെല്ലിന്റെ ചോറും പുറത്ത്
കോരിവിളമ്പുന്ന പൊൻതകര
കുട്ടാടൻ നെല്ലിന്റെ ചോറും പുറത്ത്
കേറിമറിയണ് പൊൻതകര.

(സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഉദ്യോഗസ്ഥനായിരുന്ന ശ്രീ. എം. സെബാസ്റ്റ്യന്റെ "കാട്ടിലെ പാട്ടുകൾ" എന്ന ആദിവാസി ഗാനങ്ങളുടെ അപൂർവ ശേഖരത്തിൽ നിന്ന് എടുത്തതാണ് ഈ പാട്ട്).

ദിലീപ്
തിരുവട്ടാർ
നെയ്യാറ്റിൻകര താലൂക്ക്

# ഡ്യൂട്ടി ഫസ്റ്റ്



നെയ്യാറ്റിൻകര താലൂക്കിലെ രണ്ടാമത്തെ കോൺഫറൻസ് ദിവസം. മീറ്റിംഗ് തുടങ്ങി ഏതാണ്ട് മുക്കാൽ മണിക്കൂറോളമായപ്പോൾ, വീട്ടിൽനിന്ന് നേരിട്ട് ഓടിയെത്തുന്ന പ്രതീതി ജനിപ്പിക്കും വിധം കിതച്ചുകൊണ്ട് രതീശൻ ഓഫീസിലേക്ക് ഓടിക്കയറി. "ലേറ്റായിരുന്നു സർ" രതീശൻ ടി.ഇ.ഒ യുടെ മുഖത്ത് നോക്കാതെ പറഞ്ഞു.

"ഇടയ്ക്കിടെ ലേറ്റാകുന്നല്ലോ രതീശാ. ഇങ്ങനെയായാൽ ശിക്ഷിക്കേണ്ടിവരും. കേട്ടോ." സരസനായ ടി.ഇ.ഒ. പറഞ്ഞത് കേട്ട് മറ്റുള്ളവർ ആർത്തു ചിരിച്ചു. എരുമപ്പുറത്ത് മഴ വീണതുപോലെ ഒട്ടും കുലുങ്ങാതെ രതീശൻ സീറ്റിലിരുന്നു.

"ആ രതീശാ നിന്റെ പ്രോഗ്രസ് ഒന്നു പറ." ടി.ഇ.ഒ പറഞ്ഞു.

"എത്ര ക്ലസ്റ്റർ ഈ മാസം ചെയ്തു?"

"സർ പതിനെട്ട്" രതീശൻ പറഞ്ഞു.

"പതിനെട്ടോ.. അതുപോര"

"വേണമെങ്കിൽ രണ്ടെണ്ണം കൂടിയിടണം സർ"

"അതെന്തേ വേണമെങ്കിൽ?" ടി.ഇ.ഒ പുരികമുയർത്തി ചോദിച്ചു.

"അതങ്ങനല്ല സർ. സമയം കിട്ടില. അതോണ്ടാ." രതീശൻ ശബ്ദം താഴ്ത്തി പറഞ്ഞു.

"അതെന്താ സമയം കിട്ടാത്തത്. രതീശൻ ലീവ് വല്ലതുമായിരുന്നോ?" ടി.ഇ.ഒ. ചോദിച്ചു.

"അല്ല സാർ. ക്ലസ്റ്റർ ചെയ്തോണ്ടിരിക്കുമ്പഴാ സാർ ബി.എസ്.ആർ.എൽ.ഡി ചെയ്യണം, അർജന്റാണെന്ന് പറഞ്ഞത്." രതീശൻ ന്യായീകരിച്ചു.

"എന്നിട്ട് ബി.എസ്.ആർ.എൽ.ഡി തീർന്നോ?"

"ഇല്ല സർ. അപ്പഴാ സാറ് പഞ്ചായത്തിലെ ഏരിയ മീറ്റിംഗ് വരുമെന്ന് പറഞ്ഞത്."

"ആ.. ഫയലിൽ എന്തേ എഴുതിയിട്ടുണ്ട്?" ഡി.എസ്.ഒ ചോദിച്ചു.

"അതെടുക്കാൻ പോകുന്നതിനിടയിലാണ് സാർ പി.എം. ഷാഫ്. ബി.ഒ.വൈ യുടെ ഫോട്ടോ എടുക്കണമെന്ന് കർശനമായി പറഞ്ഞത്." രതീശൻ വിഷമത്തോടെ പറഞ്ഞു.

"ഫോട്ടോയൊക്കെ സേവായോ?" ഡി.എസ്.ഒ അത്യന്തം ദേഷ്യത്തോടെ ചോദിച്ചു.

"എവിടെ സാറേ.. സാറല്ലേ അപ്പോ പറഞ്ഞത് വെബ്കാസ്റ്റ് ഷോർട്ടി ഇറക്കണമെന്ന്."

"എന്നിട്ട് അതും ചെയ്തില്ലല്ലോ അല്ലേ." ഡി.എസ്.ഒ നിരാശയോടെ ചോദിച്ചു.

"അതേപ്പറ്റിയുടെ വിവരശേഖരണം കഴിഞ്ഞ് ചെയ്യാമെന്ന് കരുതി സർ." രതീശൻ വിനയത്തോടെ പറഞ്ഞു.

"എന്റെ അമ്മോ കണ്ടോ ഇവൻ അടങ്ങുമോന്നുണ്ടോ തോന്നുന്നു." ഡി.എസ്.ഒ മനസ്സിൽ പിറുപിറുത്തിട്ട് രതീശനോടായി ചോദിച്ചു.

"അതേപ്പറ്റി വളരെ അത്യാവശ്യമാ. ജില്ലയിൽ നിന്ന് വിളിച്ചുകൊണ്ടിരിക്കുവാണ്. അതെങ്കിലും നീ എടുത്തല്ലോ. ഭാഗ്യം."

"സാറ് ദേഷ്യപ്പെടരുത്. സാറ് തന്നെയല്ലേ അപ്പോ എന്നോട് ഗൂഗിൾഫോമിൽ റെഡിയാക്കാൻ പറഞ്ഞത്. ഇവിടെ ഇന്റർനെറ്റ് അറിയാവുന്നതായി ഞാൻ മാത്രമേയുള്ളൂ വേണം ഉടനെ ചെയ്യണമെന്നും ഒക്കെ പറഞ്ഞത് സാറ് മറന്നുപോയോ?" രതീശൻ ഒരു ഭയത്തിൽ പറഞ്ഞു.

"അപ്പോ ഗൂഗിൾഫോമിലും നീ ചെയ്തില്ല. അല്ലേ പിന്നെന്ത് പറയാൻ പോകുന്നത്?" ഡി.എസ്.ഒ. വിഷാദ നിർഭരനായി.

"ഗൂഗിൾഫോമിലുണ്ട് സാർ. ഡ്യൂട്ടിക്ക് ഇതാണ്ട് പോളിസിയാ സാർ" രതീശൻ അഭിമാനത്തോടെ പറഞ്ഞു.

രതീശന്റെ ജോലിയോടുള്ള ആത്മാർത്ഥതയോർത്ത് ഡി.എസ്.ഒ യുടെ കണ്ണുനിറഞ്ഞു.

രാജി. സി
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ I
ചിറയിൻകീഴ് താലൂക്ക്



# സാമ്പത്തിക ശാസ്ത്ര നോബേൽ പുരസ്കാരം 2019

2019 ലെ സാമ്പത്തിക നോബേൽ സമ്മാനത്തിന് ഇന്ത്യൻ വംശജൻ അഭിജിത് ബാനർജി, ഭാര്യ എസ്തേർ ഡുഫ്ലോ, അമേരിക്കക്കാരനായ മൈക്കൽ ക്രെമർ എന്നിവർ അർഹരായി. നോബേൽ സമ്മാനം ലഭിക്കുന്ന ഒമ്പതാമത്തെ ഇന്ത്യക്കാരനാണ് അഭിജിത് ബാനർജി. അമർത്യാ സെന്നിന് ശേഷം സാമ്പത്തിക നോബേൽ സമ്മാനം നേടുന്ന രണ്ടാമത്തെ ഇന്ത്യക്കാരനാണ് ബംഗാളിൽ നിന്ന് തന്നെയുള്ള ബാനർജി എന്നത് കൗതുകകരമായ വസ്തുതയാണ്.

സാമ്പത്തിക നോബേൽ സമ്മാനം നേടുന്ന രണ്ടാമത്തെ വനിതയും ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയുമാണ് ഫ്രഞ്ച് വംശജയായ എസ്തേർ ഡുഫ്ലോ. നോബൽ സമ്മാനം നേടുന്ന ആറാമത്തെ ദമ്പതികളും സാമ്പത്തിക നോബേൽ നേടുന്ന ആദ്യ ദമ്പതികളുമാണ് അഭിജിത് ബാനർജിയും എസ്തേറും. ഇരുവരും അമേരിക്കയിലെ

മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ (എം.ഐ.ടി) അധ്യാപകരാണ്. ഹാർവാർഡ് സർവ്വകലാശാല അധ്യാപകനാണ് മൈക്കൽ ക്രീമർ.

മുംബൈയിൽ ജനിച്ച അഭിജിത് ബാനർജി കൽക്കട്ട സർവ്വകലാശാലയിൽ നിന്നും സാമ്പത്തികശാസ്ത്രത്തിൽ ബിരുദവും ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തര ബിരുദവും നേടി. അമേരിക്കയിലെ ഹാർവാർഡ് സർവ്വകലാശാലയിൽ നിന്നും സാമ്പത്തികശാസ്ത്രത്തിൽ അദ്ദേഹം പി.എച്ച്.ഡി നേടി. ഭാര്യ ദുഫ്ലോയും ഇന്ത്യൻ വംശജനായ സാമ്പത്തികശാസ്ത്രജ്ഞൻ സെന്ദിൽ മുല്ലൈനാഥനുമൊപ്പം 2003ൽ അബ്ദുൾ ലത്തീഫ് ജമീൽ പോവർട്ടി ആക്ഷൻ ലാബ് (ജെ-പാൽ) തുടങ്ങി. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വേണ്ടിയുള്ള ഗവേഷണങ്ങൾ നടത്തുന്ന ജെ-പാലിന്റെ ഡയറക്ടർമാരിലൊരാളാണ് ബാനർജി.

പാരീസിൽ ജനിച്ച എസ്തർ ദുഫ്ലോ സാമ്പത്തികശാസ്ത്രത്തിൽ എം.ഐ.ടി.യിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ പി.എച്ച്.ഡി നേടി. എം.ഐ.ടിയിലെ ജെ-പാലിന്റെ സഹസ്ഥാപകയായ ദുഫ്ലോ, ബാനർജിയുമായി ചേർന്ന് 'പുവർ ഇക്കണോമിക്സ്: എ റാഡിക്കൽ റീതിങ്കിംഗ് ഓഫ് ദി വേ ടു ഫൈറ്റ് ഗ്ലോബൽ പോവർട്ടി' എന്ന പുസ്തകം എഴുതി.

അമേരിക്കക്കാരനായ മൈക്കൽ ക്രീമർ അമേരിക്കൻ അക്കാദമി ഓഫ് ആർട്സ് ആന്റ് സയൻസ് ഫെലോയും ക്രീമേഴ്സ് ഓ-റിങ്ങ് തിയറി ഓഫ് ഇക്കണോമിക് ഡെവലപ്പ്മെന്റ് എന്ന സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവുമാണ്.

ആഗോള ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള പരീക്ഷണാത്മക വികസന മാതൃകകൾ അവതരിപ്പിച്ചത് കണക്കിലെടുത്താണ് ഇവർ മൂന്നുപേരും സമ്മാനാർഹരായത്. ആഗോളതലത്തിൽ ദാരിദ്ര്യം ലഘൂകരിക്കാനുള്ള യത്നങ്ങൾക്ക് ഇവരുടെ ഗവേഷണങ്ങൾ കൂടുതൽ ശക്തി പകർന്നതായും ഇവർ അവലംബിച്ച സമീപനം വികസനോന്മുഖ സാമ്പത്തിക ശാസ്ത്രത്തെ രണ്ട് ദശാബ്ദങ്ങൾക്കിടെ മാറ്റിമറിച്ചതായും നൊബേൽ പുരസ്കാര നിർണ്ണയ സമിതി വിലയിരുത്തി. പരീക്ഷണത്തിലധിഷ്ഠിതമായ ഗവേഷണത്തിലൂടെ ദാരിദ്ര്യത്തിന്റെ കാരണങ്ങളും അതുളവാക്കുന്ന ഫലങ്ങളും കണ്ടെത്തി പ്രതിവിധി നിർദ്ദേശിക്കുകയാണ് ഇവർ ചെയ്തത്.



സാമ്പത്തികമാറ്റം ഉണ്ടാക്കുന്നതിന് വൻതോതിലുള്ള പദ്ധതികളെക്കാൾ താഴെത്തട്ടിലുള്ളവരുടെ ജീവിതത്തിൽ ചെറിയമാറ്റം കൊണ്ടുവരാൻ കൃത്യവും ഫലപ്രദവുമായ ചെറിയ ഇടപെടലുകൾക്കാകും എന്നാണ് അഭിജിത് ബാനർജിയും സംഘവും മുന്നോട്ടു വയ്ക്കുന്ന പ്രധാന ആശയം. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, സാമ്പത്തികം തുടങ്ങിയ മേഖലകളിൽ നേരിട്ടുള്ള ഇടപെടൽ നടത്തണമെന്നാണ് ഇവർ ചൂണ്ടിക്കാണിക്കുന്നത്. ഓരോ രാജ്യത്തിന്റെയും സാഹചര്യമനുസരിച്ച് അവിടുത്തെ അടിസ്ഥാന വർഗത്തിന് ആവശ്യമായത് എന്താണെന്ന് കണ്ടെത്താനുള്ള ധനതത്വശാസ്ത്രപരമായ സമീപനമാണ് ഇവർ വിവരിക്കുന്നത്. അടിസ്ഥാന പ്രശ്നങ്ങൾ അറിഞ്ഞ് പരിഹാരം കണ്ടെത്തിയാൽ മാത്രമേ രാജ്യത്തിന്റെ വികസനമെന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ സാധിക്കുകയുള്ളൂവെന്ന് നോബേൽ ജേതാക്കളായ ഇവർ സമർഥം തെളിയിച്ചു. വികസന വിഷയങ്ങളെ മനസിലാക്കേണ്ടത് അവയുടെ മൊത്തത്തിലല്ല, മറിച്ച് ഘടകത്തിലാണെന്ന നിലപാടിലാണ് ഇവർ മുന്നേറിയത്.

പരിമിതമായ വിഭവങ്ങളുപയോഗിച്ച് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ അവർ മൂന്ന് നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. വിദ്യാർഥികൾക്ക് സൗജന്യ പുസ്തകവിതരണം, വിദ്യാർഥികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിന് സൗജന്യ ഉച്ചഭക്ഷണം നൽകൽ, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് സ്കൂളിൽത്തന്നെ പ്രത്യേക അധ്യാപകരെ ഏർപ്പെടുത്തൽ എന്നിവയാണ് ആ നിർദ്ദേശങ്ങൾ. ഇതിൽ മൂന്നാമത്തെ നിർദ്ദേശമാണ് കൂടുതൽ ഫലവത്തായതെന്ന നിഗമനത്തിൽ അഭിജിത് ബാനർജിയും സംഘവും എത്തിച്ചേർന്നു. ഇവരുടെ ഈ നിർദ്ദേശങ്ങളെത്തുടർന്ന് അനൗപചാരിക വിദ്യാഭ്യാസത്തിന് ഗുണകരമായ പദ്ധതികൾ നടപ്പാക്കണമെന്ന് വിവിധതലങ്ങളിൽ സംവാദമുയർന്നു.

ആരോഗ്യപരിപാലനം, മൈക്രോഫിനാൻസ്, കൃഷി തുടങ്ങിയ രംഗങ്ങളിലും നോബേൽ സമ്മാനജേതാക്കളായ ഇവർ സാമൂഹിക പരീക്ഷണങ്ങളിലൂടെ പുതിയ നിഗമനങ്ങളിലേക്ക് എത്തിച്ചേർന്നു. ഇവർ മുന്നോട്ടുവച്ച ആശയങ്ങൾ നിരവധി രാജ്യങ്ങളിൽ ഗുണഫലങ്ങളുണ്ടാക്കി. കുട്ടികൾക്കുള്ള വിരഗുളിക വിതരണം തുടങ്ങിയവ കഴിയുന്നത്ര സൗജന്യമാക്കാൻ ലോകാരോഗ്യസംഘടന തീരുമാനിച്ചത് ഇവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിലാണ്.

# ശകുന്തളാദേവി
# മനുഷ്യ കമ്പ്യൂട്ടർ

വർഷ ഗോപാൽ ജെ
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് II
ചിറയിൻകീഴ് താലൂക്ക്.

നാനാത് ചന്ദ് രുദ്ധ്യയുടെയും. ദേവകിയുടെയും മകളായി ശകുന്തളാദേവി കർണ്ണാടകയിലെ ബാംഗ്ലൂരിൽ 1929 നവംബർ 4-ന് ജനിച്ചു. പിതാവ് ഒരു സർക്കസ് കലാകാരനായിരുന്നു. പിതാവിനൊപ്പം വീട്ടിലെ മാന്ത്രിക വിദ്യകൾ പ്രദർശിപ്പിച്ച ശകുന്തളാദേവിയുടെ ശാസ്ത്രപാടവം 3-ാം വയസ്സിൽ തന്നെ പ്രകടമായി. ഒരു വിദ്യാലയത്തിൽ പോലും പോയി അക്കാദമിക് യോഗ്യതകൾ കൈവരിക്കാതെ തന്നെ സംഖ്യകളെ മെരുക്കിയെടുത്ത ഗണിതശാസ്ത്രത്തിലെ അത്ഭുത വനിതയായ ശകുന്തളാദേവി ആറാം വയസ്സിൽ മൈസൂർ സർവ്വകലാശാലയിൽ തന്റെ കണക്കുകൂട്ടൽ കഴിവും, ഓർമ്മശക്തിയും പ്രദർശിപ്പിച്ചു. 8-ാം വയസ്സിൽ അണ്ണാമല സർവ്വകലാശാലയിലും ഇത് ആവർത്തിച്ചു.

1977-ൽ അമേരിക്കയിലെ ഡള്ളാസിൽ കമ്പ്യൂട്ടറുമായി ക്യൂബ് റൂട്ട് മത്സരത്തിലേർപ്പെട്ട ശകുന്തളാദേവി അമ്പത് സെക്കന്റുകളിൽ ഉത്തരം നൽകി. 201 അക്ക സംഖ്യയുടെ 23-ാം വർഗ്ഗമൂലവും ശകുന്തളാദേവി മനക്കണക്കിലൂടെ കണ്ടെത്തി.

ഗണിതശാസ്ത്ര വിദഗ്ദ്ധന്മാരും, പത്രക്കാരും വിദ്യാർത്ഥികളും അടങ്ങിയ ഒരു സദസ്സ് ജൂൺ 13ന് ലണ്ടനിലെ ഇമ്പീരിയൽ കോളേജിൽ ഒത്തുകൂടി



ശകുന്തളാദേവിയുടെ മുന്നിൽ അവിടത്തെ ഒരു കമ്പ്യൂട്ടർ രണ്ടു പതിമൂന്നക്ക സംഖ്യകൾ നിർദ്ദേശിച്ചു. 7,686,369,774,870, 2465,099,745,779 എന്നിങ്ങനെ ഇവയുടെ ഗുണനഫലം മനക്കണക്കിലൂടെ കണ്ടെത്തുകയായിരുന്നു ശകുന്തളാദേവിയുടെ കർത്തവ്യം. ഇരുപത്തിയെട്ടു സെക്കന്റുകൾ കൊണ്ട് 18,947,668,177,995.426,462,773, 730 എന്ന ശരിയുത്തരത്തിലേയ്ക്ക് അവർ എത്തി. 1995-ലെ ഗിന്നസ് ബുക്കിൽ 26th പേജിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ അതുല്യ പ്രതിഭ 2013 ഏപ്രിൽ 21 ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

# പി.സി. മെഹ്നലോബിസ്



പ്രശാന്ത ചന്ദ്ര മഹലനോബിസ് ഭാരതം കണ്ട മികച്ച ശാസ്ത്രജ്ഞനും സാമ്പത്തിക സ്ഥിതിവിവര വിദഗ്ദ്ധനുമായിരുന്നു. കൽക്കത്തയിലെ ഒരു കുലീന കുടുംബത്തിൽ 29 ജൂൺ 1893ന് അദ്ദേഹം ജനിച്ചു. ടാഗോർ കുടുംബവുമായി സൗഹൃദം പുലർത്തിയിരുന്ന കുടുംബമായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. മഹലനോബിസ് എന്ന വ്യക്തിയുടെ കാഴ്ചപ്പാടുകളെ സ്വാധീനിക്കാൻ ബ്രഹ്മസമാജവുമായുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്. പ്രശാന്ത് ചന്ദ്രയുടെ പിതാവ് സുബോധ് ചന്ദ്ര എഡിൻബർഗ് സർവ്വകലാശാലയിലെ പഠനത്തിന് ശേഷം കൽക്കത്തയിലെ പ്രസിഡൻസി കോളേജിൽ അദ്ധ്യാപകനായി. പിന്നീട് ഈ കോളേജിലെ ഫിസിയോളജി വിഭാഗത്തിന്റെ മേധാവിയായി. സാമൂഹികമായി ഉയർന്ന ചിന്താഗതി പുലർത്തുന്നവരുടെയും പരിഷ്കർത്താക്കളുടെയും ഒരു സമൂഹത്തിലാണ് പ്രശാന്ത് ചന്ദ്ര വളർന്നു വന്നത്. ഇത് അദ്ദേഹത്തിന്റെ ചിന്താരീതികളിലും വ്യക്തിത്വവികാസത്തിലും പ്രതിഫലിച്ചു.

ബ്രഹ്മോ ബോയ്സ് സ്കൂളിൽ നിന്നും 1908ന് അദ്ദേഹം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പ്രസിഡൻസി കോളേജിൽ നിന്നും 1912ൽ ഭൗതികശാസ്ത്രത്തിൽ ബിരുദവും നേടി. 1913ൽ തുടർ വിദ്യാഭ്യാസത്തിനായി ലണ്ടനിൽ പോയി. എന്നാൽ ആ യാത്രക്കിടെ യാദൃച്ഛികമായി കേംബ്രിഡ്ജിൽ പോകാൻ ഇടയാകുകയും, കിംഗ്സ് കോളേജിൽ

കൃഷ്ണേന്ദു വി.എസ്
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
തിരുവനന്തപുരം താലൂക്ക്

പഠിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതേ സമയം ട്രിനിറ്റി കോളേജിൽ ശ്രീനിവാസ രാമാനുജനും 'നമ്പർ തിയറി'യിൽ പ്രവർത്തിച്ച് വരികയായിരുന്നു. രണ്ട് പേരും പല ചർച്ചകളിലും ഏർപ്പെടുകയും തങ്ങളുടെ പ്രവർത്തന രീതികളും മറ്റും വിലയിരുത്തുകയും ചെയ്യാറുണ്ടായിരുന്നു. പി. സി. യ്ക്ക് രാമാനുജന്റെ ചില തത്വങ്ങളിൽ വളരെ താൽപര്യം തോന്നുകയും അതിനെപറ്റി കൂടുതൽ പഠിക്കാൻ ശ്രമിക്കുകയും ചെയ്തു. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നും ഭൗതികശാസ്ത്രത്തിൽ ട്രൈപോസ് ബിരുദം നേടിയ ശേഷം അദ്ദേഹം സി. ടി. ആർ. വിൽസണോടൊപ്പം കാവൻഡിഷ് ലബോറട്ടറിയിൽ ജോലി നോക്കി. ഈ കാലയളവിൽ അദ്ദേഹം ഭാരതത്തിലേക്കു വരികയും പ്രസിഡൻസി കോളേജിൽ ഭൗതിക ശാസ്ത്ര അദ്ധ്യാപനാകുകയും ചെയ്തു. പിന്നീട് ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ അദ്ദേഹം കാൾ പിയേഴ്സണിന്റെ 'ബയോമെട്രിക' എന്ന മാസികയുമായി ബന്ധപ്പെടാൻ ഇടയായി. അതിൽ താൽപര്യം തോന്നിയ അദ്ദേഹം അവ ഭാരതത്തിലേയ്ക്കു കൊണ്ടു വന്നു. 'ബയോമെട്രികയുമായി' അദ്ദേഹത്തിനുള്ള ബന്ധമാണ് അദ്ദേഹത്തെ ഭൗതികശാസ്ത്രത്തിൽ നിന്നും സ്ഥിതിവിവര ശാസ്ത്രത്തിലേക്ക് പ്രവർത്തനമേഖല മാറുവാൻ സഹായിച്ചത്. അന്തരീക്ഷ വിജ്ഞാനീയത്തിലും, നരവംശ വിജ്ഞാനീയത്തിലും സ്ഥിതിവിവര ശാസ്ത്രത്തിന്റെ സാധ്യതകളെ പറ്റി മനസിലാക്കിയ അദ്ദേഹം ആ മേഖലയിൽ കൂടുതൽ പ്രവർത്തിക്കാൻ തീരുമാനിച്ചു. പ്രസിഡൻസി കോളേജിൽ 1916ന് വന്ന അദ്ദേഹം മുപ്പത് വർഷക്കാലം അവിടെയുണ്ടായിരുന്നു. 1945 മുതൽ 1948 വരെ കോളേജ് പ്രിൻസിപ്പൽ ആയിരുന്നു.

1915 മുതൽ 1923 വരെ കാലയളവിൽ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചു. ഇക്കാലത്ത് കൽക്കത്തയിലെ വിദ്യാഭ്യാസ വിചക്ഷണനും ബ്രഹ്മസമാജത്തിന്റെ സജീവപ്രവർത്തകനുമായ ഹേരംബചന്ദ്ര മൈത്ര എന്നയാളുടെ മകളായ നിർമ്മല കുമാരിയെ അദ്ദേഹം 1923 ഫെബ്രുവരി 27ന് വിവാഹിതനാകുകയും ചെയ്തു. അക്കാലത്ത് പ്രൊഫ. ബ്രജേന്ദ്രനാഥ് സീലുമായുള്ള പരിചിത്യം ചർച്ചകൾ (1917ലെ കൽക്കട്ട സർവ്വകലാശാലയുടെ റിഫോം കമ്മിറ്റി) മൂലമാണത്, ബ്രഹ്മസമാജവുമായുള്ള അടുത്ത ബന്ധവും ഒപ്പം 1921ൽ രവീന്ദ്രനാഥ ടാഗോറിന്റെ

പ്രയോഗാത്മകതയിലേയ്ക്കും വന്നു.

മഹലനോബിസിന്റെ സഹപ്രവർത്തകരിൽ പലരും സ്ഥിതി വിവരശാസ്ത്രത്തോടും താൽപര്യം കാണിക്കുകയും, പ്രസിഡൻസി കോളേജിന്റെ മുറിയിലെ സ്റ്റാറ്റിസ്റ്റിക്കൽ ലബോറട്ടറിയിൽ അതൊരു ചെറുസംഘമായി വളരുകയും ചെയ്തു. 1922ലെ നോർത്ത് ബംഗാളിലെ വെള്ളപ്പൊക്കം 1926ലെ ഒറീസയിലെ വെള്ളപ്പൊക്കം എന്നിവയെ പഠിച്ചും, ആയതിന് കഴിഞ്ഞ 60 വർഷത്തിനിടെ ഉണ്ടായ മഴയുടെ ലഭ്യത, അതിൽ സ്ഥിതിവിവരശാസ്ത്രത്തിന്റെ പ്രസക്തി ഇവയെല്ലാം ചേർത്ത് ഒരു പ്രബന്ധം തയ്യാറാക്കുകയുണ്ടായി. അതുപോലെ കാർഷിക മേഖലയിൽ 'അഗ്രികൾചർ ബോർഡ്' നടത്തിയ പ്രവർത്തനങ്ങൾ ഇംപീരിയൽ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ICAR) രൂപീകരിക്കുകയും ആ മേഖലയിൽ കൂടുതൽ ഗവേഷണങ്ങൾ നടത്താൻ ഊന്ന് നൽകാൻ പ്രേരകമാവുകയുണ്ടായി.

1931 ഡിസംബർ 17ന് പ്രമഥനാഥ് ബാനർജി റിയിൽ നരേന്ദ്രൻ സെൻ (പ്രൊഫ. ഇക്കണോമിക്സ്) സർ ആർ. എൻ മുഖർജി എന്നിവരുമായി ചേർന്ന് ഒരു യോഗം അദ്ദേഹം വിളിച്ചു കൂട്ടി. ഈ യോഗമാണ് ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് നാന്ദികുറിച്ചത്. സർ. ആർ എൻ മുഖർജി പ്രസിഡന്റ് ആയും, പി സി മഹലനോബിസ് സെക്രട്ടറിയായും പ്രവർത്തനമാരംഭിച്ച ഐ. എസ്. ഐ. 1932 ഏപ്രിൽ 28 ന് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സഹകരണസംഘമായി രജിസ്റ്റർ ചെയ്തു. ഭൗതിക ശാസ്ത്ര വിഭാഗത്തിനു കീഴിലായിരുന്നു ഈ സ്ഥാപനം. ആദ്യവർഷത്തെ ചെലവ് 238 ആയിരുന്നു. മഹലനോബിസിന്റെ സഹപ്രവർത്തകരായ എസ്. എസ് ബോസ്, ആർ. സി. ബോസ്, പി. സി ലാഹിരി എസ്. എൻ റോയ് തുടങ്ങിയവർ ഇതിന്റെ വളർച്ചയ്ക്കായി നിസ്തുല സേവനങ്ങൾ ചെയ്തു.

പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ സെക്രട്ടറിയായിരുന്ന പീതാംബരൻ പന്ത് നായരുടെ പിന്തുണയും ലഭിച്ചു. 1933 ൽ 'സാംഖ്യ' എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. 1938ൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നൽകൽ ആരംഭിച്ചു. ബെല്ലാ ബെഡിക്കിൽ ഹാൽഡേൻ നൽകിയ സംഭാവനകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചയെ സഹായിച്ചു. 1959 ൽ സ്ഥാപനം

ഒരു ദേശീയ പ്രാധാന്യമുള്ള സ്ഥാപനമായും കൽപിത സർവകലാശാലയായും ഉയർത്തപ്പെട്ടു.

സ്ഥിതിവിവരശാസ്ത്രത്തിന് മഹലനോബിസിന്റെ സംഭാവനകളിൽ ഒന്നാണ് ജനസംഖ്യയുടെ താരതമ്യത്തിനും, വർഗീകരണത്തിനും വേണ്ടി അദ്ദേഹം വൈവിധ്യാന്തര ഏകകം ഉപയോഗിക്കുന്ന ഒരു രീതി കണ്ടുപിടിച്ചത്. ഈ ഏകകം $D^2$ പിന്നീട് 'മഹലനോബിസ് ദൂരം' എന്നറിയപ്പെട്ടു. ഈ ഏകകം മാപനരൂപത്തെ ആപേക്ഷിച്ചല്ല നിൽക്കുന്നത് എന്നതാണിതിന്റെ പ്രത്യേകത

അദ്ദേഹത്തിന്റെ സംഭാവനകളിലേറെയും ബൃഹത് മാതൃകാ വ്യാപ്തി നിർണയത്തിന്റെ മേഖലയിലായിരുന്നു. ആസൂത്രണ കമ്മീഷനിലെ ഒരു അംഗം എന്ന നിലയിൽ പ്രവർത്തിച്ച മഹലനോബിസ് സ്വതന്ത്രഭാരതത്തിന്റെ പഞ്ചവൽസര പദ്ധതികൾക്ക് വളരെയേറെ സംഭാവനകൾ നൽകി. രണ്ടാം പഞ്ചവത്സര പദ്ധതിയിൽ അദ്ദേഹം ഊന്നൽ നൽകിയത് പൊതു, സ്വകാര്യ മേഖലകളിലെ വ്യവസായ വൽക്കരണത്തിനായിരുന്നു. 'മഹലനോബിസ് മാതൃക' രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉപയോഗിക്കുകയും അത് ഭാരതത്തിന്റെ ദ്രുതഗതിയിലുള്ള വ്യവസായവൽക്കരണത്തിലേക്കു നയിക്കുകയും ചെയ്തു. ടാഗോറിന്റെ വിശ്വഭാരതി സർവകലാശാലയിൽ ഒരു അദ്ധ്യാപകൻ എന്നനിലയിൽ അദ്ദേഹം കുറച്ചുകാലം പ്രവർത്തിച്ചു. 1944ന് ഓക്സ്ഫോർഡ് സർവകലാശാലയുടെ വെൽഡൺ മെമ്മോറിയൽ പുരസ്കാരം ലഭിച്ചു. രാഷ്ട്രത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ച് 1968ൽ പത്മവിഭൂഷൺ ബഹുമതി അദ്ദേഹത്തിനു നൽകി. 1972 ജൂൺ 28ന് അദ്ദേഹത്തിന്റെ 79-ാം പിറന്നാളിന് ഒരു ദിവസം മുമ്പ് പി.സി മഹലനോബിസ് ലോകത്തിനോട് വിടപറഞ്ഞു. ഈ പ്രായത്തിൽ പോലും അദ്ദേഹം ഗവേഷണങ്ങളിൽ വ്യാപൃതനാകുകയും ഐ.എസ്.ഐ മേധാവി സർക്കാരിന്റെ ക്യാബിനറ്റിന്റെ സ്ഥിതിവിവര ഉപദേഷ്ടാവ് എന്നീ നിലകളിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. ഭാരതത്തിന്റെ സ്ഥിതി വിവരശാസ്ത്രത്തിന്റെ പിതാവായ അദ്ദേഹത്തിന്റെ ജന്മദിനം 'ജൂൺ 29' സ്റ്റാറ്റിസ്റ്റിക്സ് ദിനമായി നാം ആചരിച്ചു പോരുന്നു.

# മൂന്നാമൂഴം
## അഥവാ
# പുഞ്ചവിസിറ്റ്

ദിലീപ്
തിരുവട്ടാർ



പുഞ്ചവിസിറ്റതൊരിൻവസ്റ്റിഗേറ്റർക്ക്
തഞ്ചത്തിലാവുന്ന കാര്യമല്ല
ക്രൂസറുമൊത്തമരിച്ചു പെറുക്കുവാൻ
മസ്റ്റായിമുന്നൊരുക്കങ്ങൾ വേണം !
പത്തുമണിക്കുമുമ്പെത്തണം ഫീൽഡതിൽ,
ലിത്തോയും, എഫ്. എം. ബി യൊക്കെയുമായ്
പാത്തും പന്തുണ്ടിയും കിപ്ലോട്ടിലെത്തണം
സൗത്ത് വെസ്റ്റിനു തുടങ്ങിടേണം !
എല്ലാറ്റിൽ കണക്കെടുത്തീടണം
പുല്ലുപോലും ബുക്കിലാക്കീടണം
ഇലയും, വാഴയും, പച്ചക്കറികളും
പപ്പായ, തെങ്ങും, കമുകുകളും
പ്ലാവുകൾ, ആഞ്ഞിലി, തേക്കും, മുരിങ്ങയും
മാവുകളിത്യാദി വൃക്ഷങ്ങളും
എണ്ണത്തിലും പിന്നെ സെന്റിലും കൃത്യമായ്
എണ്ണിയെഴുതിയെടുത്തിടേണം !



സീസിയെങ്ങാനു മുണ്ടെങ്കിലിതിനിടെ
ഇടനിയായ് കാര്യം നടത്തിടേണം
'പാഡിന്‍ സീസികള്‍ കൃത്യമായ് ഓഫീസില്‍
പേടിയില്ലാതെയറിയിക്കണം
*മോഡീടെ സീസിയും, ഡീഡിയുടെ സീസിയും
മോടിയായ്ത്തന്നെ നടത്തിടേണം !
നട്ടുച്ചയാവും മുന്‍ ഫീല്‍ഡതു തീര്‍ത്തിട്ടു
പെട്ടിയും തൂക്കി പുറപ്പെടണം
വീട്ടിലെത്തി മൊത്തം കൂട്ടിയെടുക്കണം
നോട്ടിന്നു ഫോമൊന്നിലാക്കിടേണം
കേട്ടുവോ കൂട്ടരേ ഫീല്‍ഡെന്നതു വെറും
കുട്ടിക്കളിയല്ലറിക നിങ്ങള്‍
"എണ്ണിയെണ്ണിക്കുറയുന്നിതായുസ്സെന്നും
മണ്ടി മണ്ടിക്കരേറുന്നു മോഹം" - എന്നും
പണ്ടു വിസിറ്റിനെ പറ്റി ഭക്ത കവി
പൂന്താനം പാടിയതോര്‍ക്കുന്നു ഞാന്‍ !!

മോഡി സീസി = സെന്‍ട്രല്‍ സാമ്പിള്‍
ഡീഡി സീസി = സ്റ്റേറ്റ് സാമ്പിള്‍



# സ്ത്രീ ശാക്തീകരണം


റീജ. ആർ
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് II
ചിറയിൻകീഴ് താലൂക്ക്




സ്മാർത്ത വിചാരം 100 കൊല്ലം പിന്നിടുമ്പോൾ പേടികളുടെ സാഹചര്യങ്ങളിൽ പകച്ച് നിൽക്കുന്ന സ്ത്രീകൾ തുലോം വിരളമെന്ന് തന്നെ പറയാം. ഇന്ന് സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും പറയുമ്പോഴും മാത്രമല്ല നേരിൽ കണ്ടറിയാനും നമുക്ക് ചുറ്റും എത്രയോ ഉദാഹരണങ്ങളുണ്ട്. സ്ത്രീകൾക്ക് മാത്രമല്ല. സമൂഹത്തിനാകെയും ഉണർവും, ഉൾക്കരുത്തും പകരാൻ പര്യാപ്തമായ ഒരു യാഥാർത്ഥ്യം തന്നെയാണത്.

പൊട്ടിച്ചു പെടയാൻ വിലങ്ങുകളും, മുറു



# സ്ത്രീ ശാക്തീകരണം



കണ്ണുടെ കാന്തിയെ വെല്ലുന്ന ദന്തനിരകളും ഇലഞ്ഞിപ്പൂനിലാവിനെ പോലുള്ള പുഞ്ചിരിയെന്നെ സ്ത്രീകളെ വർണ്ണിച്ച് മതിയാകാത്ത കവികൾ ഒരു കാലത്ത് സാഹിത്യത്തിന്റെ മുഖമുദ്രകളായിരുന്നു. സ്ത്രീയുടെ ശക്തി അവളുടെ സൗന്ദര്യമാണ് എന്ന ധാരണ പുലർത്തിയിരുന്നവരിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളും ഉണ്ടായിരുന്നു. ആ സൗന്ദര്യത്തെ ആവും വിധമെല്ലാം കാത്ത് സൂക്ഷിച്ച് ഉപഭോഗപ്പെടുത്തുന്നതിൽ മാത്രം ശ്രദ്ധാലുക്കളായി ഇവർ സമൂഹത്തിന്റെ ധാരയിലേയ്ക്ക് കടന്നു വരുന്നതിന്നും. സാമൂഹിക പുരോഗതിയിൽ ഭാഗം ചേരുന്നതിനോ വേണ്ട വിധം ശ്രമിച്ചിരുന്നില്ലെന്ന് വേണം കരുതാൻ. മറ്റൊരു തരത്തിൽ ചിന്തിച്ചാൽ അന്നത്തെ സാംസ്കാരിക സാഹചര്യം അതിനവരെ അനുവദിച്ചിരുന്നില്ല എന്നതാണ് വാസ്തവം. ഇത് 16-20 നൂറ്റാണ്ടിലെ മലയാള കാവ്യങ്ങളെല്ലാം വ്യക്തമാണ്. സാഹചര്യം അവ രചിയ്ക്കപ്പെട്ട കാലത്തെ സാമൂഹിക വ്യവസ്ഥിതി പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണല്ലോ.



# സ്ത്രീ ശാക്തീകരണം



ഒരു ഉപഭോഗ വസ്തു എന്നതിനപ്പുറം സ്ത്രീകളെ നോക്കികാണാൻ കൂട്ടാക്കാത്തവരുടെ പിൻമുറക്കാർ അവരുടെ ശക്തിയഥാർത്ഥത്തിൽ എന്താണെന്ന് ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ഇതിന് അപവാദങ്ങൾ ഇല്ലെന്നല്ല. അവസരങ്ങൾ ശരിയായവണ്ണം ഉപയോഗപ്പെടുത്താൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും കാര്യക്ഷമമായി ലഭ്യമാകുമ്പോൾ സ്ത്രീജനങ്ങൾ എന്തിന് പിന്നോക്കം നിൽക്കണം. ഇത്തരത്തിൽ ശാക്തീകരിക്കപ്പെട്ട സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ, കലാ, കായിക ശാസ്ത്ര ഗവേഷണ ആതുര ശുശ്രൂഷാ രംഗങ്ങളിൽ മാത്രമല്ല പ്രതിരോധ സൈന്യ മേഖലകളിൽ പോലും ശിരസ്സുയർത്തി നിൽക്കുന്ന സ്ത്രീകളുടെ - മലയാളി വനിതകളുടെ നിര നീണ്ട് നിവർന്ന് കിടക്കുന്നു. ഇക്കൂട്ടത്തിൽ പ്രശസ്തരെ മാത്രം പരാമർശിച്ചാൽ പേജുകൾ വേണ്ടിവരും. എന്നാൽ കാലങ്ങൾക്കു മുൻപ് ഇന്നത്തേതിൽ നിന്നും ഭിന്നമായി തീർത്തും പ്രതികൂല സാഹചര്യങ്ങളിൽ ജനിച്ച് നിശ്ചയദാർഢ്യത്തിന്റെയും കർമ്മോത്സുകതയുടെയും പ്രതീകങ്ങളായി മാറി അർത്ഥവത്തായി ജീവിച്ച് മരിച്ച ചില മഹതികളെപ്പറ്റി






പോരാളികളെ ഓർക്കാതെ വയ്യ.

കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യയിലെ സ്ത്രീകൾക്ക് പ്രചോദനമായി മാറിയ വീര സ്വാതന്ത്ര്യസമരപ്രവർത്തകയാണ് അക്കമ്മ ചെറിയാൻ. തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യരുടെ ഭരണത്തിനെതിരെ സംഘടിപ്പിച്ച പ്രക്ഷോഭത്തിന് നേതൃത്വം നൽകിയ അവരുടെ നേർക്ക് ഒരു ലോറി നിറയെ പട്ടാളക്കാരുമായെത്തിയ ഉന്നത ഉദ്യോഗസ്ഥൻ, വഴിമാറിയില്ലെങ്കിൽ ജനക്കൂട്ടത്തിന് നേർക്ക് വെടിവയ്ക്കേണ്ടിവരുമെന്ന് ഭീഷണിപ്പെടുത്തി. ഇതിനു മറുപടിയായി അവർ പറഞ്ഞത് എങ്കിൽ ആദ്യവെടിയുണ്ട എന്റെ നേർക്ക് ആകാം എന്നായിരുന്നു. സ്ത്രീയുടെ മനഃശക്തിയ്ക്ക് ഉത്തമോദാഹരണമായിരുന്നു തിരുവിതാംകൂറിലെ ഝാൻസിറാണി.

സഹാനുഭൂതിയുടെ ആൾരൂപമായി മാറിയ അഗതികളുടെ അമ്മയായ മദർ തെരേസയെ കുറിച്ചും ഇവിടെ സ്മരിക്കാതെ വയ്യ. യുഗോസ്ലാവ്യയിൽ ആയിരുന്നു അമ്മയുടെ ജനനം. അശരണരുടെ കണ്ണീരൊപ്പുക തന്റെ ജീവിത ലക്ഷ്യം ആണെന്ന് തിരിച്ചറിഞ്ഞ അമ്മ മാർപ്പാപ്പയുടെ അനുമതിയോടെ ഇന്ത്യയിലെത്തുകയായിരുന്നു. പാവങ്ങളോടുള്ള ധാരാള



# സ്ത്രീ ശാക്തീകരണം



എതിർപ്പുകളെ അതിജീവിച്ച് പതിനായിരങ്ങൾക്ക് അഭയം നൽകാൻ ശാന്തി മന്ദിരം സ്ഥാപിച്ചു. കുഞ്ഞുങ്ങളെ ശുശ്രൂഷിച്ചു. എല്ലാവരാലും വെറുക്കപ്പെട്ട കുഷ്ഠരോഗികൾക്ക് ആശ്വാസമേകി. ഇങ്ങനെ സ്വജീവിതം അർത്ഥവത്താക്കിയ ആ മദർ ലോകത്തിന്റെ പ്രകാശമായി മാറി.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ ഝാൻസിറാണി, ലക്ഷ്മീബായി, സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വനിത ഗവർണറും അതിലുപരി മികച്ച ഒരു കവയിത്രിയുമായ സരോജിനി നായിഡു, മുതിർന്നവരുടെ നിയന്ത്രണങ്ങളില്ലാതെ വിഹരിക്കാൻ കുട്ടികളെ അനുവദിക്കണമെന്ന് വാദിച്ച വിദ്യാഭ്യാസ വിദഗ്ധ മറിയ മോണ്ടിസ്സോറി നഴ്സിംഗിനായി ജീവിതം മാറ്റിവച്ച ഫ്ലോറൻസ് നൈറ്റിംഗേൽ, അഭിഭാഷക വൃത്തി സ്ത്രീകൾക്ക് പറ്റിയ പണിയല്ല എന്ന മിഥ്യാധാരണ തിരുത്തിക്കുറിച്ച ഇന്ത്യയിലെ ആദ്യ വനിതാ ഹൈക്കോടതി ജഡ്ജിയായി മാറിയ അന്നാചാണ്ടി 1942ൽ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് വേഷം മാറി പോലും സാഹസികമായി പ്രവർത്തിച്ച അരുണ ആസിഫലി, സാഹിത്യരംഗത്ത്



# സ്ത്രീ ശാക്തീകരണം




ജ്വലിച്ചുയർന്ന നാലപ്പാട്ട് ബാലാമണിയമ്മ വിരിച്ച രാഷ്ട്രതന്ത്രജ്ഞതയാൽ ഇന്ത്യയെ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലേയ്ക്കു ഉയർത്തിയ ആദ്യ ഇന്ത്യൻ വനിതാ പ്രധാന മന്ത്രി ഇന്ദിരാ പ്രിയദർശിനി ഇന്നത്തെ കാലങ്ങൾക്ക് മുമ്പേ സ്ത്രീശക്തി എന്തെന്ന് ലോകത്തിന് കാട്ടികൊടുത്ത വനിതാരത്നങ്ങൾ നിരയിലാണ്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് എഴുപതോളം വർഷങ്ങളേ ആയിട്ടുള്ളു എങ്കിലും വിവിധ മേഖലകളിലായി രാജ്യം കൈവരിച്ച പുരോഗതി ലോകരാജ്യങ്ങളും രാഷ്ട്ര നേതാക്കളും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്ര പുരോഗതിയിൽ സ്ത്രീയുടെ പങ്ക് നിർണ്ണായകമാണ് എന്ന യാഥാർത്ഥ്യം കക്ഷിഭേദമന്യേ എല്ലാ നേതാക്കളും തിരിച്ചറിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ഈ യാഥാർത്ഥ്യം ഓരോ സ്ത്രീയും തിരിച്ചറിയട്ടെ, ഉണർന്ന് പ്രവർത്തിയ്ക്കട്ടെ.






സംവരണത്തിന്റെയും മറ്റും ആനുകൂല്യം ഇല്ലാതെ തന്നെ സ്ത്രീകൾ കഴിവ് തെളിയിക്കേണ്ട കാലം അതിക്രമിച്ചു. നന്നായി പഠിയ്ക്കുക, വീടിനും നാടിനും താങ്ങും തണലുമാകി സ്വയം ശക്തരാകുക. കൂട്ടത്തിൽ ഒരു കാര്യം കൂടി സ്ത്രീയ്ക്ക് മാത്രമായി സർവ്വേശ്വരൻ കനിഞ്ഞനുഗ്രഹിച്ച ഒരുപിടി നല്ല ഗുണങ്ങളുണ്ട്. സ്വയം ശക്തരാകുവാനും പരിമിതികൾക്കിടയിൽ അവ കൈമോശം വരാതെ സൂക്ഷിക്കുവാനും ഉള്ള കരുതൽ കൂടി ഓരോ സ്ത്രീയ്ക്കും ഉണ്ടാകട്ടെ. ആ ഗുണങ്ങളുടെ പരിപാലനം തന്നെയല്ലേ യഥാർത്ഥത്തിലുള്ള സ്ത്രീയുടെ ശാക്തീകരണം.

ശ്രീകുമാർ ജി
റിസർച്ച് അസിസ്റ്റന്റ്
ജില്ലാ ഓഫീസ്

# വികസനം



പാറ തുരന്നും പാടം മൂടിയും
ചിറകൾ കെട്ടി അടച്ചും നാം
കായൽ നികത്തി ഫ്ലാറ്റുകൾ കെട്ടി
കുന്നു നിരത്തി മാളുകളും

ഇങ്ങനെ നേടിയ വികസന മോടികൾ
മുങ്ങി മറഞ്ഞു ഞൊടിയിടയിൽ
വിങ്ങിയ പുഴതൻ കണ്ണീർച്ചാലിൽ
മുങ്ങിപ്പോയി നഗരങ്ങൾ

മാരിക്കാറിനിടയിൽ സൂര്യൻ
ഒളികണ്ണിട്ടു ചിരിക്കുമ്പോൾ
പാർവ്വണചന്ദ്രിക അന്തിയിലുർവ്വിയെ
വെള്ളപ്പുടവയുടുപ്പിക്കേ

വാനിൽ താണു പറന്നൊരു പൈങ്കിളി
തേനിൽ ചാലിച്ചിതു പാടുന്നു –
"മണ്ണിനൊത്തൊരു വികസന മാതൃക
മണ്ണിൻ രക്ഷയ്ക്കാകട്ടെ



# ഓണവിശേഷം

രത്നകുമാർ. പി.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ
തിരുവനന്തപുരം താലൂക്ക്

ഓണം തിരുവോണം മലയാളിയെന്നും
നെഞ്ചേറ്റിലാളിക്കുന്നൊരുത്സവം
അത്തം പത്തിന് പൊന്നോണം
കേരളത്തിൽ ദേശീയോത്സവം
കാർഷികോത്സവമെന്നും
വസന്തോത്സവമെന്നും
ഒട്ടുവിളിതാ വാമനോത്സവമെന്നും
വ്യാഖ്യാനങ്ങൾ വന്നുകഴിഞ്ഞു.



പൊന്നിൻ ചിങ്ങപ്പുലരിയിൽ
പൊന്നോണത്തെ വരവേൽക്കുമ്പോൾ
ചരിത്രം നമ്മെയുണർത്തുന്നു.
നവസംസ്കാരത്തിൻ ചിരകഥ
നന്മ വിളയും മാവേലിയരചനെ
നിഷ്കാസിതനാക്കാൻ വിഷ്ണു ജനിച്ചു
ബ്രാഹ്മണ വേഷം പൂണ്ടപ്പോൾ
ചവിട്ടിത്താഴ്ത്തി പാതാളത്തിൽ



ആണ്ടിലൊരിക്കൽ പ്രജകളെ കാണാൻ
അനുജ്ഞയും നൽകി വാമനദേവൻ
അന്നവിനകറികളാൽ സദ്യയൊരുക്കി
അണിഞ്ഞിത വേഷം മെല്ലെയണിഞ്ഞും
ആഘോഷിത്താൽ നാട്ടുനഗരവും
ആർപ്പുവിളിക്കും ഉത്സാഹത്താൽ



ഓണക്കഥയും രാമായണവും
തമ്മിൽ ബന്ധം പുലർത്തുന്നു.
ശ്രീരാമന്റെ പത്നിയായ് വാഴും
സീതാദേവിതൻ ജന്മദിനം
കൊണ്ടാടുന്ന തിരുവോണമായ്
ഉണ്ടെന്ന് ചൊല്ലും പഴമക്കാർ

പൂക്കൾ പറിക്കും പൂക്കളം തീർക്കും
നാളികേരമുറിയുമായ് വിളക്കിൻ സ്ഫുരണയിൽ
മദ്യവും മാംസവുമൊക്കെ വെടിഞ്ഞ്
നാലോ, എട്ടോ, പത്തോ ദിനങ്ങൾ

അത്തച്ചമയത്തിൽ ഭേരിമുഴക്കി
അലങ്കാരങ്ങൾ വിലസിടുമെങ്ങും

വീടും പിന്നെ പരിസരമൊക്കെ
പലനിറ പുഷ്പശ്രേണികളാൽ
അലങ്കരിച്ചിട്ടുത്സാഹത്താൽ
ഓണക്കളികളിൽ മുഴുകും ജനത.
ഓണച്ചന്തം ഊഞ്ഞാലാട്ടവും
പലതരനൃത്തവിശേഷവുമെല്ലാം
എങ്ങും മോദം പകരുന്നു.

ഓണൈശ്വര്യം വരച്ചുകാട്ടും
ചരിത്രകാരൻ ഷെയ്ഖ് ഫനൂസദ്
കുറുമ്പനാട്ടിലെ അതികായരുടെ
അനുവർത്താണ് ശ്രദ്ധേയം.

പാലക്കാടിൻ ദേശത്തെങ്ങും
ജന്മികൾ നടത്തും ഓണത്തല്ല്
മർഡോക്കിന്റെ ഓണത്തിൽ
മാവേലിയെത്തും പാതിരാനേരം
ഓണാഘോഷം തുടങ്ങിവച്ചത്
ഭാസ്കര രവിവർമ്മ പെരുമാളെന്ന്
ആറ്റൂർ കൃഷ്ണപിഷാരടിയും ചേലങ്ങാട്ടുഗോപാലനും

ചേരമാൻ പെരുമാൾ കാലവുമായി, ബന്ധിപ്പിക്കും ഓണൈശ്വര്യം
മലബാർ മാന്വലിൽ വില്യം ലോഗൻ, ഭാരതപ്പുഴയുടെ തീരത്തുള്ള
വള്ളുവനാട്ടിലെ ജനതയിലെല്ലാം ഓണാഘോഷ ആചാരങ്ങൾ
വൈവിധ്യമാകും താളുകളിൽ
അന്നാളിലെന്നോ തിരുവോണം വിപണിയെങ്ങും ഉത്സവമായ്
കമ്പ്യൂട്ടറുകളും മദ്യവും ജ്വല്ലറികളും തുണിത്തരങ്ങളും
വാങ്ങിക്കൂട്ടാൻ ഓടിനടക്കും മാനവരിപ്പോൾ

മക്കൾ ഉണ്ടിടയെല്ലാം ദിനാക്കൂടാരത്തിൽ
നാട്ടിലിന്നു കാണാൻ ഉടലമാകെ വിടലമാകും
സമയോടൊപ്പമെല്ലാം സേവിക്കുന്നൊരുന്നാൾ
ഓണം മനസ്സിലാക്കാൻ സൈക്കിളുപോലായിട്ടാൾ.





# സൗന്ദര്യത്തിന്റെ അംശബന്ധം

സാജു കെ
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്,
ചിറയിൻകീഴ് താലൂക്ക്




നിങ്ങൾക്ക് സൗന്ദര്യം പോരാന്ന് തോന്നുന്നുണ്ടോ എങ്കിൽ ഇത് വായിക്കൂ. ചിത്രത്തിലെ ചതുരം ABCD യ്ക്കു ഒരു പ്രത്യേകത ഉണ്ട്. എന്താണെന്ന് അറിയാമോ? ആ ചതുരം ഉൾക്കൊള്ളുന്ന ഏറ്റവും വലിയ സമചതുരം മാറ്റിയാൽ ശേഷിക്കുന്ന ചതുരത്തിന്റെ നീളവും വീതിയും ABCD യുടെ നീളവും വീതിയും തമ്മിലുള്ള അംശബന്ധത്തിലായിരിക്കും അതായത് AB : BC = PQ : PB.

ശേഷിക്കുന്ന ചതുരത്തിനും ഇതേ പ്രത്യേകത ഉണ്ട്. ഈ മുറിച്ചുമാറ്റൽ തുടർന്നുകൊണ്ടിരുന്നാൽ ചതുരം ചെറുതായി കൊണ്ടിരിക്കും പക്ഷെ അംശബന്ധം സ്ഥിരമായിരിക്കും. ഈ പ്രത്യേകതയുള്ള ചതുരങ്ങൾ "കനക ചതുരങ്ങൾ" ആണെന്നാണ് ചരിത്രങ്ങളിലൂടെ തെളിയിച്ചിരിക്കുന്നത്. ലോക പ്രസിദ്ധ ചിത്രകാരന്മാരുടെ ചിത്രങ്ങൾ മുഴുവൻ കനകചതുരാകൃതിയിലുള്ള കാൻവാസിലായിരുന്നു



വരച്ചെടുത്ത് സൗന്ദര്യ ആരാധകരായിരുന്ന പല രാജ്ഞിമാരുടെയും കൊട്ടാര അന്തഃപുരങ്ങളിലെ ഡ്രസ്സിംഗ് ടേബിളിലെ കണ്ണാടികളും കനകചതുരാകൃതിയിലായിരുന്നു. കനകചതുരാകൃതിയിലുള്ള കണ്ണാടിയിൽ നോക്കുമ്പോൾ സൗന്ദര്യം കൂടുന്നതായി തോന്നുകയും സ്വന്തം സൗന്ദര്യത്തെ കുറിച്ച് ഒരു മതിപ്പ് തോന്നുകയും ചെയ്യും.

കനകചതുരങ്ങളുടെ നീളവും വീതിയും തമ്മിലുള്ള അംശബന്ധത്തിന് ഒരു പേരുണ്ട് "കനകാംശബന്ധം" അഥവാ സുവർണ്ണാനുപാതം (Golden Ratio). അത് എന്താണെന്ന് നോക്കാം. കനകചതുരത്തിന്റെ നീളം '$x$' എന്നും വീതി '1' എന്നും എടുക്കുക. അപ്പോൾ അംശബന്ധം $x : 1$ അതിൽ നിന്നും മുറിച്ച് മാറ്റാവുന്ന ഏറ്റവും വലിയ സമചതുരത്തിന്റെ വശം '1' ആയിരിക്കും. അപ്പോൾ ഏറ്റവും വലിയ സമചതുരം മാറ്റിയാൽ ലഭിക്കുന്ന ചതുരത്തിന്റെ നീളം '1' ഉം വീതി '$x-1$' ഉം ആയിരിക്കുമല്ലോ? രണ്ട് അംശബന്ധങ്ങളും തുല്യമായതിനാൽ

$$x : 1 = 1 : x-1$$

$$x(x-1) = 1 \times 1$$

$$x^2 - x = 1$$

$$x^2 - x - 1 = 0$$

നിർധാരണം ചെയ്യുമ്പോൾ

$$x = \frac{1 \pm \sqrt{5}}{2}$$

അധിവില മാത്രം സ്വീകരിച്ചാൽ $x = \frac{1+\sqrt{5}}{2}$

$$= 1.6180339\ldots$$

അതുകൊണ്ട് കനകാംശബന്ധം

$$x : 1 = \frac{1+\sqrt{5}}{2} : 1$$

$$= 1.618\ldots : 1$$

ഈ അംശബന്ധത്തിന് സൗന്ദര്യവുമായി ബന്ധമുണ്ട് എന്ന് പറയുന്നതിന് പിറകിലും കാരണമുണ്ട്. ഇറ്റാലിയൻ ഗണിത ശാസ്ത്രജ്ഞനായിരുന്ന 'ഫിബനോച്ചി' എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന 'ലിയനാർഡോ'യുടെ പേരിൽ അറിയപ്പെടുന്ന 'ഫിബനോച്ചി ശ്രേണിയ്ക്കു" കനകാംശബന്ധവുമായി സാമ്യമുണ്ട്.

ലിയനാർഡോ സഞ്ചാരപ്രിയനായ ഒരു വ്യാപാരി ആയിരുന്നു. ആഫ്രിക്കൻ രാജ്യങ്ങളും ഈജിപ്തുമെല്ലാം അദ്ദേഹം സന്ദർശിച്ചിരുന്നു. വളരെയധികം വർഷങ്ങളിൽ പക്കെട്ടത്ത് ഒരു ഗണിതശാസ്ത്രജ്ഞനായി പേരും പെരുമയും നേടി. ഗണിത വിഷയത്തെക്കുറിച്ച് അദ്ദേഹം എഴുതിയ പുസ്തകമാണ് "ലിബർ അബാക്കി". 1202 ലാണ് ഇതിന്റെ പ്രസിദ്ധീകരണം. ഇതിൽ ഒരു സംഖ്യാശ്രേണിയെ കുറിച്ച് പറയുന്നുണ്ട്. മുയലുകളുടെ ജനസംഖ്യയിലുണ്ടാകുന്ന വർദ്ധനവിനെ സംബന്ധിച്ചുള്ള ഒരു പ്രശ്നം മുന്നോട്ട് വയ്ക്കുകയും അതിനുള്ള ഉത്തരം നൽകുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നത്തിന്റെ ഉത്തരത്തിലെ ഓരോ തലമുറയിലെയും ജന സംഖ്യ പിന്നെ 'ഫിബനോച്ചി' സംഖ്യകൾ എന്നറിയപ്പെടാൻ തുടങ്ങി. ഫിബനോച്ചി ശ്രേണിയിൽ ഓരോ സംഖ്യയും അതിനു മുമ്പുള്ള രണ്ട് സംഖ്യകളുടെ തുകയാണ്. ഫിബനോച്ചി ശ്രേണിയിലെ സംഖ്യകൾ ഇവയാണ്




0, 1, 1, 2, 3, 5, 8, 13, 21, 34, - - -

ഈ സംഖ്യാശ്രേണിയ്ക്കും കനകാനുപാതത്തിനും തമ്മിലുള്ള ബന്ധം എന്തെന്നാൽ ശ്രേണിയിലെ ഉയർന്ന സംഖ്യകളിൽ അടുത്തടുത്തുള്ള വലിയതിനെ ചെറിയ സംഖ്യ കൊണ്ടോ ചെറിയതിനെ വലുതു കൊണ്ടോ ഹരിച്ചാൽ കനകാനുപാതത്തിന് അടുത്തുള്ള സംഖ്യ ലഭിക്കും. ശ്രേണിയിലെ സംഖ്യകൾ വലുതാകുന്നതനുസരിച്ച് അംശബന്ധവും കൂടുതൽ ശരിയായിക്കൊണ്ടിരിക്കും

ഫിബനോച്ചി ശ്രേണിക്കും കനകാനുപാതത്തിനും പ്രകൃതിയുമായി ബന്ധമുണ്ട്. പ്രകൃതിയുടെ സൗന്ദര്യശാസ്ത്രം ഫിബനോച്ചി ശ്രേണിയുടെ അഥവാ കനകാനുപാതത്തിന്റെ

പിൻബലത്തിലാണ്. പ്രകൃതിയിലെ സൗന്ദര്യമുള്ള വസ്തുക്കളിലെല്ലാം നമുക്ക് ഈ സംഖ്യാശ്രേണിയും അതുവഴി കനകാനുപാതവും കാണാൻ സാധിക്കും. വിത്തുകളും പൂക്കളിലെ ഇതളുകളുടെ എണ്ണം ഫിബൊനാച്ചി ശ്രേണിയിലെ സംഖ്യകളാണ്. സൂര്യകാന്തി പൂവുകളിലെ വിത്തുകളുടെ വിന്യാസം ശ്രദ്ധിച്ചിട്ടുണ്ടോ? അതുപോലെ കൈതച്ചക്കയുടെ പുറത്തെ മുള്ളുകളുടെ വിന്യാസം, ചെടികളിലെ ഇലകളുടെ വിന്യാസം ഇവയെല്ലാം ഫിബൊനാച്ചി ശ്രേണിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിയിലേക്കു ഒന്നു സൂക്ഷിച്ച് നോക്കിയാൽ സൗന്ദര്യമുള്ള എല്ലാ വസ്തുക്കളിലും നമുക്ക് ഈ ശ്രേണീ വിന്യാസം കാണാൻ സാധിക്കും.

"മുഖം നല്ലതല്ലാത്തതിന് കണ്ണാടി മാറ്റണോ" എന്ന പഴമൊഴി കേട്ടിട്ടില്ലേ. ഇത് കണ്ണാടിയുടെ കുഴപ്പം തന്നെയാണ്. കണ്ണാടി ഒന്ന് മാറ്റി നോക്കൂ. നിങ്ങളുടെ ഡ്രസ്സിംഗ് ടേബിളിലെ കണ്ണാടി ഒന്നു കനകാനുപാതത്തിൽ ആക്കി നോക്കൂ. നിങ്ങളിലെ യഥാർത്ഥ സൗന്ദര്യം നിങ്ങൾക്ക് കാണാൻ സാധിക്കും. അങ്ങനെ എല്ലാവരും സുന്ദരന്മാരും സുന്ദരികളും ആയി മാറട്ടെ.

# മോചനം

മനു. എസ്. കെ
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് II
ചിറയിൻകീഴ് താലൂക്ക്



മകളെ കൊന്ന കുറ്റത്തിന് ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുകയാണ് അയാൾ. ജയിലിൽ വന്നിട്ട് അധികദിവസമായില്ല. സഹതടവുകാരിൽ ചിലർ പുച്ഛത്തോടെ നോക്കുന്നുണ്ട്. ചിലർ ക്രോധത്തോടെയും, ചിലർ സഹതപിച്ചും സ്വന്തം മകളെ കൊന്ന അച്ഛനോട് ആർക്കും സ്നേഹം തോന്നില്ലല്ലോ? ചില ചാനലുകളിൽ "ദുരഭിമാനക്കൊല" എന്ന വിശേഷണങ്ങളുമുണ്ടായി

"സ്വന്തം മകളെ കൊല്ലാൻ എങ്ങനെ തോന്നി" സഹതടവുകാരന്റെ ഈ ചോദ്യം അയാളെ ചിന്തകളിൽ നിന്ന് ഉണർത്തി. തന്നോട് അല്പമെങ്കിലും സഹതാപത്തോടെ പെരുമാറുന്ന അയാളെ നോക്കി നെടുവീർപ്പിട്ടു. "ഞാൻ അവളെ കൊന്നതല്ല, മോചിപ്പിച്ചതാണ് അമ്മയില്ലാതെ വളർത്തിക്കൊണ്ടു വന്നതാണ് പത്താം വയസ്സിൽ അമ്മ അവളെ വിട്ടുപോയി പിന്നെ ഇതുവരെ ഞാനാണ് വളർത്തിയത്" "ഇത്രയും സ്നേഹിച്ച മകളെ പിന്നെന്തിന് കൊന്നു"? ഈ ചോദ്യം അയാൾ പ്രതീക്ഷിച്ചത് ആയിരുന്നു. ഞാൻ പറഞ്ഞില്ലേ കൊന്നതല്ല മോചിപ്പിച്ചതാണെന്ന്" ഈ ഉത്തരം കേട്ട് ഒന്നും മനസ്സിലാകാതെ നിന്ന സഹതടവുകാരന്റെ മുഖത്തേക്ക് അയാൾ വീണ്ടും നോക്കി ദീർഘനിശ്വാസം ഉതിർത്തു.



"പ്രിയ സുഹൃത്തേ ഞാൻ വളരെയധികം ലാളിച്ചു സ്നേഹിച്ചു. പഠിക്കാൻ മിടുക്കിയായിരുന്നു. കാണാനും മോശമല്ല. അതുകൊണ്ടായിരിക്കണം തന്നോട് പ്രേമമാണെന്ന് പറഞ്ഞ് ഒരുപാട് പിറകെ നടന്ന അവനെ പ്രേമിച്ചത്. മകൾക്ക് കോളേജിൽ പ്രേമമുണ്ടെന്ന് അറിഞ്ഞാൽ ഏത് അച്ഛനും പ്രതികരിക്കുന്ന പോലെ ഞാനും പ്രതികരിച്ചു. തല്ലിയില്ല, ശാസിച്ചു പക്ഷെ അവളുടെ മറുപടി എന്നെ ഞെട്ടിച്ചു. "പ്രായപൂർത്തിയായ എന്റെ കാര്യത്തിൽ അച്ഛൻ ഇടപെടണ്ട ഞാൻ അവനെ മാത്രമേ കെട്ടൂ".

പിന്നെ എനിക്കൊന്നും പറയാൻ തോന്നിയില്ല. മകൾക്ക് പ്രായപൂർത്തിയായെന്ന് അവൾ പറയുമ്പോൾ മാത്രമേ നമ്മളറിയൂ" "സ്വന്തം മകൾ ഒരാളെ പ്രേമിച്ചതിന് അവളെ കൊന്നതെന്തിന്, ഇന്നത്തെ നാട്ടിൽ സാധാരണ നടക്കുന്ന കാര്യമല്ലേ". സുഹൃത്തിന്റെ ഈ ചോദ്യം അയാൾ നിർവികാരതയോടെയാണ് കേട്ടത്. "സുഹൃത്തേ പ്രേമം തെറ്റല്ല, പക്ഷേ പ്രേമിക്കുന്നവന്റെ ഉദ്ദേശം മനസ്സിലാക്കിയിരുന്നെങ്കിൽ? എന്റെ മകളെ പ്രേമിച്ചത് അവൻ കൂടെ പൊറുപ്പിക്കാനല്ല, പിഴപ്പിക്കാനാണ്" പക്ഷെ അത് അവൾ മനസ്സിലാക്കിയില്ല, അവൾക്ക് ഞാനായിരുന്നു ശത്രു. പക്ഷെ എല്ലാം അവൾ മനസ്സിലാക്കിയപ്പോൾ വളരെ വൈകിപ്പോയി. തന്തയില്ലാത്ത കുഞ്ഞിനെ പ്രസവിക്കണോ വളർത്തണോ ഒഴിവാക്കണോ? എല്ലാം അറിഞ്ഞപ്പോൾ അവൻ മുങ്ങി. അല്ല ഒളിച്ചു അതാണ് ശരി. അവന്റെ ഇരകളിൽ ഒന്നു മാത്രമായിരുന്നു എന്റെ മകൾ. അവനെ ഒരുപാട് തിരഞ്ഞു പക്ഷെ കിട്ടിയില്ല. പിഴച്ചുപോയ മകളെ ശിക്ഷിക്കുകയായിരുന്നു പിന്നെ എന്റെ മുന്നിലുള്ള ഏക മാർഗം. അതു ഞാൻ ചെയ്തു. സ്വയം ജീവൻ ഒടുക്കാൻ ശ്രമിച്ചതാണ് പക്ഷെ നടന്നില്ല. പുറത്തറിഞ്ഞത് പ്രേമിച്ചതിന് അച്ഛൻ മകളെ കൊന്നു എന്നാണ്. അങ്ങനെ തന്നെ ഇരിക്കട്ടെ."



# എന്റെ പാടം

സ്വപ്നലേഖ പി. എസ്
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
ചിറയിൻകീഴ് താലൂക്ക്

പാടവരമ്പിലെ നീർവഴിയ ചെറുചാലിൽ
ഉഴുതുമറിച്ചും മനസ്സുമായ് വിതയ്ക്കുന്ന കർഷകൻ
ഇതെന്റെ ജീവവായു, ഇതെന്റെ ജീവരസം
ഇതെന്റെ സർവ്വസ്വവും കാത്ത് കൈനിറയെ അവർ
എത്രയെത്ര വിഷമങ്ങളിൽ കരങ്ങളിൽ
ഭൂമിയെ പൂജിച്ച് നുകത്തിൽ കുറിതൊട്ട്
മൺചിരാതെടുത്തിയ എന്റെ പാടം.
വിയർപ്പൊഴുക്കി മണ്ണിനെ ചന്ദനമാക്കി
വിതച്ചിട്ടും ഞാറാത്ത് വിതച്ചും കൈകൊട്ടും പാടി
വിഷുപക്ഷികൾ കൂടണഞ്ഞ എന്റെ പാടം.
കൂട്ടാളുമൊഴിയ കൈകളിലും കുടക്കൊട്ടിലുലയുന്ന
മാറുമായ് വയൽ മക്കൾ ഞാറ്റുവേല പാട്ടുപാടി
മുറുക്കിതുപ്പി ചുവപ്പിച്ച എന്റെ പാടം
ചിരിക്കുന്ന ചിങ്ങത്തിലും വിറക്കുന്ന
കർക്കിടകത്തിലും നമ്മുടെ വിളനാട്ട്
മനസ്സിന്റെ പത്തായപ്പുര നിറച്ച എന്റെ പാടം.
ഇന്നിതു നികത്താൻ രമ്യഹർമ്യങ്ങൾ പണിയുവാൻ
വട്ടമിട്ടാർക്കുന്നു ചേറിൽ മണ്ണുമന്നെ കഴുകന്മാർ





പാടങ്ങളിൽ മണ്ണുമായ് പാടുന്ന പൈതങ്ങൾ
അരികോരിച്ചൊരുവഴുമർത്തുന്ന നാട്ടുക്കൂട്ടങ്ങൾ
കാൽച്ചുവട്ടിലമരാനായി മണ്ണൊരുങ്ങുമാ വേളയിൽ
സർവ്വം മറന്ന് പാടത്തെ കുമ്പിട്ട് നിന്നു കൃഷീവലൻ.
ഉറവപാച്ചിലുകളിൽ ഇടിമുഴക്ക ധ്വനിയുണർത്തി
പേമാരിവർഷ താണ്ഡവമാടി പാഞ്ഞടുത്തു പ്രകൃതിയും
വിരിയടിച്ചു കൊടുങ്കാറ്റിൽ പറന്നുപോയ് മൺകൂനകൾ
കർഷകൻ മിഴിനീരുമായ് നോക്കീടവെ
ചുഴിയും പുതുമണ്ണിൽ മണൽ പാടം-
കൃഷിക്കായ് വെമ്പുന്ന കാഴ്ചകൾ
കർഷകനാനന്ദം സിരകളിൽ പുതുജീവൻ
കലപ്പയേന്തി മണ്ണിളക്കും നേരം
ഒരുപിടി വിത്താരോ നൽകി
അതുവിതറിയെറിഞ്ഞാ പാടത്തിൽ
വിത്തെല്ലാം സ്വർണ്ണവർണ്ണ കുലകളായി
കുമ്പിട്ടു നിൽക്കവേ ഒരു കതിർക്കുല മാത്രം
വിത്തിനായ് നാളേക്കു നൽകി
കർഷകൻ വീണ്ടും മുന്നോട്ട് നീങ്ങവേ,
പാടം വൻ ചുഴിയായ് മാറി
അതിലൊരു സ്ത്രീരൂപം കൈകൾ നീട്ടി
നെഞ്ചോട് ചേർത്ത് കർഷകനെ-
മണ്ണിലേയ്ക്ക് കൊണ്ട് പോയി.

സജിനി ജി.കെ.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ,
തിരുവനന്തപുരം താലൂക്ക്



# അകലങ്ങളിലേക്ക്



പ്രഭാതസൂര്യന്റെ അലോല സ്പർശങ്ങൾ ഏറ്റുവാങ്ങി വീണ്ടുമൊരു പ്രഭാതം. ഇങ്ങനെ എത്ര പ്രഭാതങ്ങൾ കഴിച്ചുകൂട്ടി ഞാനും എന്റെ ചാരുവും. ആശുപത്രിയുടെ നാലു ചുവരുകൾക്കുള്ളിൽ ഏറെനാളായി ഒരേ കിടപ്പിലായിരുന്നു എന്റെ മകൾ.

ദൈവത്തോട് മനമുരുകി പ്രാർത്ഥിച്ച ദിനങ്ങൾ, ഭൂമിയിൽ ഒരമ്മയ്ക്കും മകൾക്കും ഞങ്ങളുടെ അനുഭവങ്ങൾ കൊടുക്കരുതേയെന്ന് കൈകൂപ്പി യാചിച്ച ദിനങ്ങൾ. ഒരോ പ്രഭാതങ്ങളും പ്രതീക്ഷകളായിരുന്നു.

ആശുപത്രി കിടക്കയുടെ വെളുത്ത പുതപ്പിനുള്ളിൽ ചുരുണ്ടുകൂടി ഉറങ്ങുകയാണ് ചാരു. ഇന്നലത്തെ അവസാനത്തെ കീമോയും കഴിഞ്ഞ് നല്ല ഉറക്കത്തിലാണ് അവൾ. എത്രയോ നാളുകളായി അവൾക്ക് ഉറക്കം നഷ്ടപ്പെട്ടിട്ട്. ഉറങ്ങട്ടെ അവൾ. ശല്യം ചെയ്യാതെ ഞാനെന്റെ ചിന്താധാരകളിലേക്ക്, അകലങ്ങളിലേക്ക് നോക്കിയിരുന്നു.

ഡോക്ടർമാർ പറഞ്ഞ വാക്കുകൾ എന്റെ ചെവികളിൽ തലോടൽപോലെ കേൾക്കായി,





"ചാരു, ഒരു മാസം കൊണ്ട് നീ നിന്റെ പുതിയ ജീ-
വിതത്തിലേക്ക് പ്രവേശിക്കും" എനിക്ക് ചാരുവും
അവർക്ക് ഞാനും മാത്രമേയുള്ളൂ ഈ ലോകത്ത്.
കഴിഞ്ഞുപോയ ദിനങ്ങൾ ഒരു പേടിസ്വപ്നം പോ-
ലെയേ ഓർക്കാനാകുന്നുള്ളൂ. ഒട്ടും തന്നെ പ്രതീ-
ക്ഷയില്ലാതെ മക്കളുടെ കൈ പിടിച്ച് ഈ കാൻസർ
സെന്ററിന്റെ പടികൾ കയറിയ ദിനം, ജീവിതത്തിന്
ഒരു പ്രതീക്ഷയുമില്ലാതെ.

ദൈവത്തിൽ വിശ്വാസം നഷ്ടപ്പെടാതെ
ഞങ്ങളുടെ മനസ്സ് തയ്യാറെടുക്കുകയാണ്. അങ്ങ്
അകലങ്ങളിലേക്ക് കരുതലിന്റെ ഉറവ നഷ്ടപ്പെ-
ടാത്ത ഈ ശാന്തിലോകത്തിലേക്ക്. പുതിയ ചിന്ത-
കളും വിചാരങ്ങളോടും കൂടി ഇനിയുള്ള കാലം
പ്രഭാതകിരണങ്ങളെപ്പോലെ ജീവിച്ചു തീർക്കാൻ..

എൻ. ഗോവിന്ദൻ നമ്പൂതിരി
ജില്ലാ ഓഫീസർ (Rtd.)

# യോഗയുടെ സ്വാധീനം നിത്യജീവിതത്തിൽ



ഐക്യരാഷ്ട്ര സഭയുടെ തീരുമാന പ്രകാരം 2015 ജൂൺ 21 മുതൽ എല്ലാ വർഷവും പ്രസ്തുത ദിവസം അന്താരാഷ്ട്ര യോഗ ദിനമായി ആചരിച്ചു വരുന്നു. ലോകത്തെ തന്നെ ഒത്തൊരുമയുള്ള ഏക കുടുംബമായി കണക്കാക്കുന്നതിനുള്ള മാർഗങ്ങളിലൊന്നാണ് യോഗ.

## പ്രാണനാണ് യോഗ.

മനുഷ്യന്റെ ഉള്ളിൽ തന്നെയുള്ള ജീവശക്തിയെ കണ്ടെത്തി സജീവമാക്കുന്നതോടെ യോഗ വഴി രോഗശാന്തിയും സ്വായത്തമാക്കാം. പ്രത്യേകിച്ച് ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നാണ് യോഗ. ശാരീരികാവയവങ്ങളുടെ സന്തുലിതമായ ഏകോപനവും ലയവുമാണ് യോഗയിലൂടെ സാധ്യമാവുന്നത്. പല രോഗങ്ങളുടെയും പ്രധാന കാരണം മാനസികമാണ്. കൗൺസിലിങ്ങും യോഗ തെറാപ്പിയും ചേർന്നാൽ പല രോഗങ്ങൾക്കും വളരെയധികം ശമനമുണ്ടാക്കാനാവും.

മിത്രമാണ് യോഗ.

യോഗയിലൂടെ നമ്മുടെ മനസ്സിന്റെയും ശരീരത്തിന്റെയും നിയന്ത്രണത്തിന്റെ കടിഞ്ഞാൺ നമ്മൾ തന്നെയായി മാറും. ദേഷ്യം, സങ്കടം, സന്തോഷം അങ്ങിനെ ഒന്നും പരിധി വിടില്ല. ഓരോ വ്യക്തിക്കും ഓരോ ശരീര പ്രകൃതിയാണ്. തിരിക്കുന്നത്. ആദ്യം നമ്മളെ തന്നെ മനസ്സിലാക്കുക. അറിയുക. നമ്മൾക്ക് വേണ്ടത് എന്താണോ അത് ദിനം പ്രതിയുള്ള യോഗയിലൂടെ സ്വായത്തമാക്കാൻ സാധിക്കും.



## മുദ്രാചികിത്സ.

യോഗ ശാസ്ത്രത്തിൽ കൈമുദ്രകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. കൈവിരലുകൾ മാത്രം ഉപയോഗിച്ച് ആരോഗ്യം പൂർണമായി നിലനിർത്താം. മുദ്ര പരിശീലനം നടക്കുമ്പോഴോ, ഇരിക്കുമ്പോഴോ, ടി.വി. കാണുമ്പോഴോ എപ്പോൾ വേണമെങ്കിലും ആവാം.

പഞ്ചഭൂതങ്ങളായ അഗ്നി, വായു, ആകാശം, ഭൂമി, ജലം എന്നിവ കൊണ്ട് നിർമിക്കപ്പെട്ടതാണ് മനുഷ്യ ശരീരം. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അസന്തുലിതാവസ്ഥ ശരീരത്തിൽ രോഗങ്ങൾ ഉണ്ടാക്കുന്നു. മുദ്രാ ചികിത്സ വഴി പഞ്ചഭൂതങ്ങളുടെ ശരീരത്തിലൂടെയുള്ള ഒഴുക്കിനെ നിയന്ത്രിക്കുവാൻ സാധിക്കും. പ്രാണമുദ്ര, അപാന മുദ്ര, ആകാശമുദ്ര തുടങ്ങിയ മുദ്രാചികിത്സ പ്രതിദിനം ചെയ്യുന്നത് കൈകാലുകളിൽ തരിപ്പ്, പേശിവലിവ്, ദഹനസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് വളരെയധികം ഫലപ്രദമാണ്.

## യോഗ ഒരു ആനന്ദമാർഗം.

ഇന്നത്തെ തലമുറയിൽ എല്ലാവരിലും



കാണുന്ന പല രോഗങ്ങൾക്കും കാരണം സ്ട്രെസ്സ് (stress) ആണ്. ധൈര്യപൂർവം സ്ട്രെസ്സിന്റെ ഉറവിടം തേടുകയും അതിനെ അവിടെ വച്ച് നേരിടുകയുമാണ് വേണ്ടത്. അങ്ങനെ തേടിച്ചെന്നാൽ നമ്മൾ സ്വന്തം മനസ്സിന്റെ മുന്നിലാണ് എത്തുക. അവിടെയുണ്ടാകുന്ന അസന്തുലിതാവസ്ഥയാണ് എല്ലാത്തിനും കാരണം.

യോഗയാണ് മന:പ്രയാസം ശമിപ്പിക്കുന്നതിന് പറ്റിയ ഉപായമെന്ന് വസിഷ്ഠനും പതഞ്ജലിയും കണ്ടെത്തിയിരുന്നു. യോഗ പരിശീലനം സ്വാസ്ഥ്യത്തിന് ഏറെ ഉപകാരമാണെന്ന് അത് ശീലിച്ചവരെല്ലാം അറിയുകയും പറയുകയും ചെയ്യുന്നുണ്ട്.

യോഗ പഠിക്കാനെത്തുന്നവരിൽ ഇപ്പോൾ ഏറെയും യുവതീയുവാക്കളാണ്. അവരിൽ തന്നെ ഐ.ടി. രംഗത്തും ബാങ്കിലും ജോലിയുള്ളവരാണ്. വിഷാദം, ഉറക്കമില്ലായ്മ, അമിതവണ്ണം, മൈഗ്രേൻ തുടങ്ങിയ രോഗങ്ങൾക്ക് പ്രതിവിധിയാണ് യോഗ. ഇവരുടെ പ്രശ്നങ്ങൾ അറിഞ്ഞ് അവർക്ക് അനുയോജ്യമായ യോഗാസനങ്ങൾ പരിശീലിപ്പിക്കുന്നു. ഇപ്പോൾ മിക്ക സ്ഥാപനങ്ങളും അവരുടെ ഉദ്യോഗസ്ഥർക്ക് ജോലി സമ്മർദ്ദം കുറയ്ക്കാനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമായി യോഗ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

## യോഗ - 'ഇൻസ്റ്റന്റ് പഠനം' വേണ്ട.

യോഗ പഠനം അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. യോഗാചാര്യന്മാരുടെ കർശന നിർദ്ദേശപ്രകാരം ആർക്കും യോഗ പഠിക്കാം. 3-7 ദിവസങ്ങൾ കൊണ്ട് മെഡിറ്റേഷൻ, യോഗ ഇവ പരിശീലിപ്പിക്കാമെന്നത് തെറ്റായ പ്രചാരമാണ്. യഥാർത്ഥത്തിൽ ആരോഗ്യകരമായ ജീവിതത്തിലൂടെ മാത്രമേ ധ്യാനത്തിലേക്ക് കടക്കാനും



യോഗ കൃത്യമായും ചെയ്ത് പൂർണ്ണാരോഗ്യം നിലനിർത്താനും സാധിക്കുകയുള്ളൂ.

ദിവസങ്ങളെടുത്ത് ഓരോ യോഗാസനവും യോഗാചാര്യന്മാരുടെ നിർദേശപ്രകാരം പരിശീലിക്കേണ്ടതാണ്. കൃത്യമായ നിർദേശപ്രകാരം 2–3 മാസങ്ങളെങ്കിലും യോഗ അഭ്യസിക്കുകയും അത് നിത്യജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്തെങ്കിലേ ഓരോ യോഗയുടെയും ഉത്തമഫലം പൂർണ്ണമായി ലഭിക്കുകയുള്ളൂ. യോഗയുടെ ഗുണഫലങ്ങൾ ശരീരത്തിൽ കണ്ടു തുടങ്ങാൻ 15-20 ദിവസമെങ്കിലും എടുക്കും.

ചില പ്രധാനപ്പെട്ട യോഗാസനങ്ങളും അവയുടെ ഗുണങ്ങളും.

1. പത്മാസനം: മനസ്സ് ശാന്തമാകുന്നു. രക്തചംക്രമണം, ശ്വാസഗതി എന്നിവ ക്രമീകരിക്കുന്നു. രക്തസമ്മർദ്ദം കുറയുന്നു.
2. സിദ്ധാസനം: മനോനിയന്ത്രണം, നാഡിഞരമ്പുകൾക്ക് അയവ് എന്നിവ ലഭിക്കുന്നു. കൂടാതെ പത്മാസനത്തിലെ എല്ലാ ഗുണങ്ങളും ലഭിക്കുന്നു.
3. പൂർണ്ണ പവനമുക്താസനം: കഴുത്ത്, പൃഷ്ഠം, വയർ ഭാഗങ്ങളിലെ പേശികൾക്കും, നട്ടെല്ല്, വാരിയെല്ലുകൾ എന്നിവയ്ക്ക് ദൃഢതയും ബലവും നൽകുന്നു. വയറിലെ കൊഴുപ്പ് ഇല്ലാതാകുന്നു.
4. അർദ്ധപവനമുക്താസനം: വാതകോപവും വായുകോപവും കുറയ്ക്കാൻ ഉത്തമം.
5. വജ്രാസനം: പാൻക്രിയാസിന്റെ പ്രവർത്തനം ഉത്തേജിപ്പിക്കുന്നു. ദഹനേന്ദ്രിയങ്ങളെ ശക്തിപ്പെടുത്തുന്നു. പ്രമേഹം, ദഹനക്കുറവു ഉള്ളവർ എന്നിവർ ഭക്ഷണശേഷം

അല്പസമയം ഈ ആസനത്തിൽ ഇരിക്കുന്നത് നല്ലതാണ്.

6. ധനുരാസനം: ശരീരത്തിന് മൊത്തം അയവ് ലഭിക്കുന്നു. കൂടുതൽ സമയം ഇരുന്ന് ജോലി ചെയ്യുന്നവർക്ക് ചെയ്യാവുന്ന നല്ലൊരു ആസനമാണ് ഇത്. പ്രമേഹം, വാതരോഗം മുതലായവ കുറയ്ക്കുന്നു. രക്തസമ്മർദ്ദം, ഹൃദ്രോഗം, ഉദരസംബന്ധമായ മറ്റ് പ്രശ്നങ്ങൾ എന്നിവയുള്ളവർ ധനുരാസനം ചെയ്യരുത്.

യോഗയെ ശാരീരിക – ആത്മീയ വ്യായാമ ശൈലിയായി കാണുക. ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുക.



# വയൽപ്പാട്ട്

തമ്പുരാൻ തന്നുടെ കിന്നരം കേട്ടോണ്ട്
തേവൃ നീ തേവട തേവോ തേവാ
നേരം പോയൊരു നേരത്തും
കൊള്ളാക്കൊല കൊള്ളിണ്ണിയോ
തേവൃ തേവട തേവോ തേവാ
അരത്തൊണ്ട് കഞ്ഞും തന്ന്
കൊള്ളാക്കൊല കൊള്ളിണ്ണിയോ
തേവൃ തേവട തേവോ തേവാ
അരക്കുറി കരിക്കും തന്ന്
കൊള്ളാക്കൊല കൊള്ളിണ്ണിയോ
തേവൃ തേവട തേവോ തേവാ
ഉറുമ്പിക്കു ഉറങ്ങാനേരാളും
തേവൃ തേവട തേവോ തേവാ
പുകിലൊന്നും പറയാണ്ടങ്ങട്
തേവൃ തേവട തേവോ തേവാ
മാരിമഴകൾ ചൊരിഞ്ഞ പോലെ
ചെറു വയലുകളൊക്കെ നനഞ്ഞു
ചൂട്ടിയൊരുക്കി പോകണഞ്ഞു
ചെറുഞാറുകളൊക്കെ കെട്ടിയെറിഞ്ഞു



# മലയാളഭാഷയിലെ ചിഹ്നങ്ങൾ

## പൂർണവിരാമം (.)

വാക്യം പൂർണമായി എന്നു കാണിക്കാൻ ചേർക്കുന്ന ചിഹ്നമാണ് പൂർണവിരാമം. ഇംഗ്ലീഷിൽ ഇതിന് 'full stop' എന്നാണ് പേര്. ഇക്കഴിഞ്ഞ രണ്ടു വാക്യത്തിന്റെയും ഒടുവിൽ പൂർണവിരാമ ചിഹ്നം ചേർത്തിരിക്കുന്നു.

## അർദ്ധവിരാമം (;)

വാക്യത്തിന് വ്യാകരണപരമായി പൂർണത വന്നെങ്കിലും ആശയം, തുടർന്നു വരുന്ന ഭാഗം കൊണ്ടേ പൂർണമാകുന്നുള്ളൂ എന്നു വരാം. ഇവിടെ രണ്ടു ഭാഗത്തിനുമിടയിൽ അർദ്ധവിരാമ ചിഹ്നം (;) ചേർക്കുന്നു. 'രോധിനി' എന്നും ഇതിനു പേരുണ്ട്. ഇംഗ്ലീഷിൽ ഇത് 'semi colon' ആണ്.

## ഭിത്തിക (:)

പരസ്പരബന്ധമുള്ളതും തുല്യനിലയിലുള്ളതുമായ രണ്ടു ഭാഗങ്ങൾക്കിടയിലെ ഭിത്തിയാണിത്. അതുകൊണ്ടു തന്നെ 'ഭിത്തിക' എന്ന പേരുണ്ടായി. ഇംഗ്ലീഷിൽ 'colon' എന്നാണ് ഇതിന്റെ പേര്.

## അല്പവിരാമം (,)

അല്പമായ നിർത്തലാണ് അല്പവിരാമം. ഇതിന്റെ ചിഹ്നത്തെ അങ്കുശം (,) എന്നു വിളിക്കുന്നു. ഇംഗ്ലീഷിൽ ഇതിന് 'comma' എന്നു പേര്. സംബോധനയിലും ഇതുപയോഗിക്കുന്നു (മാന്യരേ, നാട്ടുകാരേ, സുഹൃത്തേ,)

## ചോദ്യചിഹ്നം (?)

ചോദ്യരൂപത്തിലുള്ള വാക്യത്തിന്റെ ഒടുവിൽ ചേർക്കുന്നു. 'കാകു' എന്നും പേരുണ്ട്. ചോദ്യരൂപത്തിൽ വാക്യം പൂർണമാവുന്നതുകൊണ്ട് പൂർണവിരാമ ചിഹ്നത്തിന്റെ സ്ഥാനം തന്നെയാണ് ചോദ്യചിഹ്നത്തിനുമുള്ളത്.




സജിത്ത് ജി
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
ചിറയിൻകീഴ് താലൂക്ക്

ഭൗതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാങ്കേതിക ശാസ്ത്രം തുടങ്ങി ഒരു പാടു ശാസ്ത്രശാഖകളിൽ അതിപ്രധാന ഘടകമായി ഗണിതശാസ്ത്രം മാറിയിട്ടുണ്ട്. മറ്റു ശാസ്ത്ര ശാഖകളിലെ ഗണിതത്തിന്റെ പ്രയോഗവുമായി ബന്ധപ്പെട്ട് പ്രയുക്ത ഗണിതശാസ്ത്രം, ഒരു പാടു പുതിയ കണ്ടുപിടിത്തങ്ങൾക്കും, പുതിയ ഗണിതശാസ്ത്ര ശാഖകളുടെ ഉത്ഭവത്തിനു തന്നെയും കാരണമായിട്ടുണ്ട്. പ്രത്യേകിച്ചൊരു പ്രായോഗികതയെയും അടിസ്ഥാനമാക്കി അല്ലാതെ ഗണിതത്തിന്റെ തനതു

വഴിയിൽ സഞ്ചരിക്കുന്ന ശുദ്ധഗണിതത്തിനു ഇദ്ദേഹം ഒരുപാട് പ്രായോഗിക വശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എല്ലാവർഷവും മാർച്ച് മാസത്തിലെ ആദ്യത്തെ ഞായറാഴ്ച ലോക ഗണിത ദിനമായി ആചരിച്ചുവരുന്നു.

ഉപയുക്ത ഗണിതശാസ്ത്രം പൊരുത്തപ്പെടുത്തും പോലെ തന്നെ പ്രായോഗികതലത്തിലാണ് അതിന്റെ പ്രാധാന്യം. ധനതത്വശാസ്ത്രം, ഭൗതികശാസ്ത്രം തുടങ്ങിയവയിലെല്ലാം ഈ ശാഖ പ്രയോഗിക്കുന്നുണ്ട്. പ്രയുക്ത സ്ഥിതിവിവര ശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായിരുന്നു പ്രശാന്തചന്ദ്ര മഹലനോബിസ്. മഹലനോബിസ് അന്തരം എന്ന സ്ഥിതി വിവര ഏകകത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്. അതുപോലെ തന്നെ ഇന്ത്യൻ സ്ഥിതിവിവരശാസ്ത്രത്തിന്റെ പിതാവ് എന്നും അദ്ദേഹം അറിയപ്പെടുന്നു.

ഭാരതത്തിൽ ജനിച്ച ഗണിതശാസ്ത്ര പ്രതിഭയായ വനിതയായിരുന്നു ശകുന്തള ദേവി. 'മനുഷ്യ കമ്പ്യൂട്ടർ' എന്ന പേരിലാണ് അവർ അറിയപ്പെടുന്നത്. ശുദ്ധ ഗണിത ശാസ്ത്രത്തിൽ അളവ്, ഘടന, സ്ഥലം, മാറ്റം പ്രതിപാദിക്കുന്നു. സംഖ്യകൾക്ക് പകരം പ്രതീകങ്ങളുപയോഗിച്ച് സിദ്ധാന്തങ്ങളും തെളിവുകളും തന്നെ കൈകാര്യം ചെയ്യുന്നത്. ജി. എച്ച്. ഹാർഡി ഈ മേഖലയിൽ പ്രശസ്തനാണ്. 1800 നോടടുത്ത് ഈ മേഖലയിൽ പുരോഗതി ഉണ്ടായത്.

ഗണിത ശാസ്ത്ര ശാഖകളുടെ ആവിർഭാവം. മധ്യ ശതകങ്ങൾ വരെ ശാസ്ത്രത്തിന്

3 ശാഖകളായിരുന്നു. രേഖാഗണിതം, ബീജഗണിതം, അങ്കഗണിതം എന്നിവയാണ്. രേഖാഗണിതം ഈജിപ്റ്റിലായിരുന്നു വളർന്നത്. അങ്കഗണിതം ഭാരതത്തിലും. 17-ാം നൂറ്റാണ്ടിൽ തന്നെ റെനെ ദെക്കാർത്ത രേഖാഗണിതത്തെ ബീജഗണിതരൂപമായി പ്രയോഗിച്ച് വിശ്ലേഷക ജ്യാമിതിയ്ക്ക് രൂപം നൽകി. 18-ാം നൂറ്റാണ്ടിൽ കലന ശാസ്ത്രം എന്ന ശാഖയുടെ ആവിർഭാവം ഗണിത ശാസ്ത്രത്തിന്റെ നാഴികക്കല്ലാണ്.

ഭാരതത്തിൽ രൂപം കൊണ്ട അങ്കഗണിതം എന്താണ് പ്രതിപാദിക്കുന്നത്. വാസ്തവികമായ സംഖ്യകളെയും അവയുടെ പ്രയോഗത്തെയും പറ്റി പ്രതിപാദിക്കുന്ന ഗണിത ശാഖയാണ് അങ്കഗണിതം. ഗണിതശാസ്ത്രത്തിലെ പഴക്കമേറിയതും അടിസ്ഥാനപരവുമായ ശാഖയാണിത്. അങ്കഗണിതത്തിന് അരിത്മെറ്റിക് എന്നാണ് ഇംഗ്ലീഷിലുള്ള പേര്. സംഖ്യയെന്ന് അർത്ഥമുള്ള അരിത്മൊസ് എന്ന ഗ്രീക്കുപദത്തിന്റെ ഉദ്ഭവമാണ് അരിത്മെറ്റിക്.

അങ്കഗണിതത്തിൽ മൗലികമായി നാല് ക്രിയകളാണ്. കൂട്ടൽ (സങ്കലനം), കുറയ്ക്കൽ (കിഴിക്കൽ, വ്യവകലനം), ഗുണിക്കൽ (പെരുക്കൽ, ഗുണനം), ഹരിക്കൽ (ഹരണം) ഇവയുടെ പ്രയോഗം, ഘടകക്രിയ, ലഘുതമസാധാരണ ഗുണിതം എന്നീ പ്രായോഗിക പ്രാധാന്യമുള്ള വിഷയങ്ങളുമാണ് അങ്കഗണിതത്തിൽ പ്രതിപാദിക്കുന്നത്. വ്യാവസായിക കാര്യങ്ങളിൽ ഇടപെടാനായി ഉന്നത ഗണിത പരിശീലനം കിട്ടുന്നതിനും

യുക്തി പരീക്ഷണമെന്ന നിലയിൽ മാനസികമായ അച്ചടക്കം ഉണ്ടാകുന്നതിനും അങ്കഗണിതം ആവശ്യമാണ്.

കേരള ഗണിതത്തിന് സംഭാവനകൾ നൽകിയവരാണ് ഹരിദത്തൻ, ഗോവിന്ദഭട്ടതിരി, വടശ്ശേരി പരമേശ്വരൻ, നീലകണ്ഠൻ, ജ്യേഷ്ഠദേവൻ, അച്യുതപിഷാരടി, പുതുമന സോമയാജി. എന്നാൽ ഇവരെല്ലാം സംഭാവനകൾ നൽകിയെങ്കിലും വേണ്ടവിധം ഇവയൊന്നും പ്രചരിപ്പിക്കപ്പെട്ടില്ല. പാശ്ചാത്യരാജ്യങ്ങളിൽ കണ്ടുപിടിക്കപ്പെടുന്നതിന് ഏകദേശം 200 വർഷങ്ങൾക്ക് മുമ്പുതന്നെ ഇവയെല്ലാം ഭാരതത്തിലെ ഗണിതത്തിൽ ഉൾപ്പെട്ടിരുന്നു. പോളിനോമിയലുകളെ കുറിച്ചുള്ള സിദ്ധാന്തങ്ങൾക്ക് തുടക്കം കുറിച്ചതുമെല്ലാതെ അതേ രീതിയിൽ ജ്യോതിശാസ്ത്രകാരനെന്നിരിക്കിലും കെപ്ലർ നിയമങ്ങളിലേയ്ക്ക് എത്തിച്ചേരാൻ സാധിച്ചില്ല.



# തെറ്റും ശരിയും

| | |
|---|---|
| അരാജകത്തം | അരാജകത്വം |
| ആധുനീകം | ആധുനികം |
| ഇതിനോടകം | ഇതിനകം |
| ഉപയോക്താവ് | ഉപഭോക്താവ് |
| ഊക്ഷ്മാവ് | ഊഷ്മാവ് |
| ഐക്യരൂപം | ഐകരൂപ്യം |
| കർഷനം | കർശനം |
| ചിലവ് | ചെലവ് |
| ചുവപ്പ് | ചെവപ്പ് |
| ദേശവത്കരിക്കുക | ദേശസാൽക്കരിക്കുക |
| നിവജ്ജനം | നിമജ്ജനം |
| പലയിടത്തും | പലേടത്തും |
| പെട്ടന്ന് | പെട്ടെന്ന് |
| യാദൃശ്ചികം | യാദൃച്ഛികം |
| സായൂജ്യം | സായൂജ്യം |

| | |
|---|---|
| ഉത്ഘാടനം | ഉദ്ഘാടനം |
| കണ്ടുപിടുത്തം | കണ്ടുപിടിത്തം |
| കവിയത്രി | കവയത്രി |
| ഗ്രീക്ഷ്മം | ഗ്രീഷ്മം |
| ചളി | ചെളി |
| ചിലവ് | ചെലവ് |
| ജനവരി | ജനുവരി |
| ജാള്യത | ജാള്യം |
| തത്വം | തത്ത്വം |
| ദൈവീകം | ദൈവികം |
| നിസാരം | നിസ്സാരം |
| പക്ഷെ | പക്ഷേ |
| പിന്നോക്കം | പിന്നാക്കം |
| പ്രവർത്തി | പ്രവൃത്തി |
| ഭൗതീകം | ഭൗതികം |
| മഹത്വം | മഹത്ത്വം |
| മഠയൻ | മടയൻ |
| ലൗകീകം | ലൗകികം |
| വഷളത്വം | വഷളത്തം |
| സാമ്യത | സാമ്യം |
| ഹൃസ്വം | ഹ്രസ്വം |

# പ്രകൃതിയിലെ പാറ്റേണുകൾ

ജിജി ആർ
സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് II
ചിറയിൻകീഴ് താലൂക്ക്

പ്രകൃതിയിൽ കാണപ്പെടുന്ന രൂപത്തിന്റെ പതിവു രീതികളാണ് പ്രകൃതിയിലെ പാറ്റേണുകൾ. ഈ പാറ്റേണുകൾ വ്യത്യസ്ത സന്ദർഭങ്ങളിൽ ആവർത്തിക്കുകയും ചിലപ്പോൾ ഗണിതശാസ്ത്രപരമായി മാതൃകയാക്കുകയും ചെയ്യാം. സ്വാഭാവിക പാറ്റേണുകളിൽ സമമിതികൾ, മരങ്ങൾ, സർപ്പിളങ്ങൾ, മെൻഡറുകൾ, തരംഗങ്ങൾ, നുരകൾ, ടെസ്സലേഷനുകൾ, വിള്ളലുകൾ വരകൾ എന്നിവ ഉൾപ്പെടുന്നു.

നമ്മുടെ ജീവിതത്തിലെ എല്ലാത്തിനും ഗണിതശാസ്ത്രപരമായ കാര്യങ്ങൾ മാത്രമേയുള്ളൂ; നക്ഷത്രങ്ങൾക്ക് പാറ്റേണുകളുണ്ട്. നമ്മുടെ വിധി നക്ഷത്രങ്ങളുടെ പാറ്റേണുകളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് ജ്യോതിഷികൾ ഭൂരിഭാഗവും വിശ്വസിക്കുന്നു ചില ജ്യോതിഷക്കാർ കരുതുന്നത് നമ്മൾ



ആരാണെന്ന് നക്ഷത്രങ്ങൾ ശരിക്കും നിർണ്ണയിക്കുന്നു മറ്റുള്ളവർ കരുതുന്നത് നക്ഷത്രങ്ങൾ നമ്മുടെ വിധിയെ സ്വാധീനിക്കുന്നു എന്നാണ്. ആർക്കും അവരവരുടെ ജീവിതം നിയന്ത്രിക്കാൻ കഴിയില്ല. ഇക്കാരണത്താൽ ആളുകൾ പ്രപഞ്ചത്തിൽ നോക്കുകയും അവരുടെ യഥാർത്ഥ കഥാപാത്രങ്ങളും വിധിയും വെളിപ്പെടുത്തുന്നതിന് പാറ്റേണുകൾ തിരയുകയും ചെയ്യുന്നു. അവർ എന്തെങ്കിലും കണ്ടെത്തുമ്പോൾ അത് എല്ലായ്പ്പോഴും ഗണിതശാസ്ത്രത്തെക്കുറിച്ചാണ്.

സീസണുകൾക്കും പാറ്റേണുണ്ട്. അവർ വന്നു പോകുന്ന ഓരോ തവണയും അവർ പ്രകൃതിയെ സ്വാധീനിക്കുന്ന ലോകത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ എല്ലായ്പ്പോഴും അത് ഗണിതശാസ്ത്രത്തെ വെളിപ്പെടുത്തും ഇത് 100% ശരിയാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

നമ്മുടെ പ്രപഞ്ചം സർപ്പിള രൂപകൽപനകളാൽ നിറഞ്ഞിരിക്കുന്നു. ഡി. എൻ. എ ഇരട്ട ഹെലിക്സ്, ഷൂക്കൾ, ആനക്കൊമ്പുകൾ, സൂര്യകാന്തിപ്പൂക്കൾ, ചുഴലിക്കാറ്റുകൾ, വെള്ളം ഒഴുകുന്നത് മൃഗങ്ങളുടെ കൊമ്പുകൾ, ഒരു നോട്ടിലെസ് ഷെൽ, ഒരു പിൻകോൺ, ഒരു കാബേജ്, ഒരു വിരലടയാളം, ആൽഗ, ഗാലക്സി എന്നിവയുടെ ആകൃതിയിൽ സർപ്പിളുകൾ കാണാം. നിർജ്ജീവവും സജീവവുമായ നിരവധി വസ്തുക്കൾക്ക് സർപ്പിള രൂപകൽപനകളുണ്ട് അവയ്ക്ക് പൊതുവായി ചിലത് ഉണ്ട് സർവ്വ വ്യാപിയായ സുസ്ഥിര അനുപാതം- സുവർണ്ണ അനുപാതം.



പ്രകൃതിയിലെ ഈ സർപ്പിളുകളെല്ലാം നമുക്ക് ചുറ്റും അക്കങ്ങളുണ്ടെന്ന് പറയുന്നു. ചില പൂക്കളുടെ ദളങ്ങളുടെ എണ്ണം നമുക്ക് നിരീക്ഷിക്കാം. ഒരു ഗാർഡനിലെ സന്ദർശന സമയത്ത് പൂക്കളുടെ എണ്ണം കണക്കാക്കുമ്പോൾ 3, 5, 8, 13, 21, 34 അല്ലെങ്കിൽ 55 അക്കങ്ങൾ ലഭിക്കും. ഈ നമ്പറുകൾ ക്രമരഹിതമായ സംഖ്യകളാണ്. അവയെല്ലാം ഫിബൊനാച്ചി സീക്വൻസിന്റെ ഭാഗമാണ്. അവ 13-ാം നൂറ്റാണ്ടിലെ ഗണിത ശാസ്ത്രജ്ഞൻ വികസിപ്പിച്ച സംഖ്യകളുടെ പരമ്പരയാണ്. 1, 1 അക്കങ്ങളിൽ ആരംഭിക്കുക. ആണെങ്കിൽ നിങ്ങൾക്ക് സമാന നമ്പറുകളും ലഭിക്കും.



പ്രകൃതിയിലെ പല കാര്യങ്ങൾക്കും പാറ്റേണുകൾ ഉണ്ട്. ഫ്രെയിം ചെയ്യുന്ന ഫോക്കസ് ചെയ്യാനും ഒരു മാഗ്നിഫൈയിംഗ് ഗ്ലാസ് അല്ലെങ്കിൽ സ്പ്രിംഗിന്റെ ഒരു ലൂപ്പ് ഉപയോഗിച്ച് പാറ്റേണുകൾക്കായി ഇലകൾ സൂക്ഷ്മമായി നോക്കുക. മഞ്ഞിന്റെ ക്രിസ്റ്റലൈസ്ഡ് ഉപ്പിൽ സൂക്ഷ്മ പാറ്റേൺ ഘടനകൾ പോലും ഉണ്ട്.

കാര്യക്ഷമമായി പ്രവർത്തിക്കാൻ പ്രകൃതി എങ്ങനെ പാറ്റേണുകളിൽ ക്രമീകരിക്കാൻ ഇഷ്ടപ്പെടുന്നു എന്നതിനെ കുറിച്ച് ചിന്തിച്ചിട്ടുണ്ടോ. പ്രകൃതിയിൽ ഒന്നും ഒരു കാരണവുമില്ലാതെ സംഭവിക്കുന്നില്ല. ഈ പാറ്റേണുകൾക്കെല്ലാം നിലനിൽക്കാൻ ഒരു പ്രധാന കാരണമുണ്ട്. മാത്രമല്ല അവ കാണാൻ മനോഹരവുമാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഭിന്ന സംഖ്യകൾ

ഏതൊരു സ്കെയിലിലും സമാനമായി കാണപ്പെടുന്നതും കാലക്രമേണ ആവർത്തിക്കുന്നതുമായ വിശാല പാറ്റേണാണ് ഫ്രാക്ടൽ. വലിയ സ്കെയിലുകളിൽ നിങ്ങൾ നിരീക്ഷിക്കുമ്പോൾ ഫ്രാക്ടലിന്റെ പാറ്റേൺ കൂടുതൽ സങ്കീർണ്ണമാകും. ഫ്രാക്ടലിന്റെ ഒരു ഉദാഹരണം ലളിതമായ ആകൃതികൾ കാലക്രമേണ വർദ്ധിക്കുന്നതായി കാണിക്കുന്നു. സ്നോഫ്ലേക്കുകൾ, മരങ്ങൾ, ശാഖകൾ മിന്നൽ, ഫേണുകൾ എന്നിവയാണ് പ്രകൃതിയിലെ ഫ്രാക്ടലുകളുടെ ഉദാഹരണങ്ങൾ.





സർപ്പിളുകൾ

ഒരു സർപ്പിളാകൃതിയിലുള്ള ഒരു വളഞ്ഞ പാറ്റേണാണ് ഒരു സർപ്പിളാകൃതിയിലുള്ള വൃത്താകൃതിയിലുള്ള ഒരു കേന്ദ്രം. ഷെൽ കോണുകൾ പൈനാപ്പിൾസ്, ചുഴലിക്കാറ്റുകൾ എന്നിവയാണ് സർപ്പിളുകളുടെ ഉദാഹരണങ്ങൾ. സസ്യങ്ങൾ സർപ്പിളരൂപം ഉപയോഗിക്കുന്നതിന്റെ കാരണം അവ നിരന്തരം വളരാൻ ശ്രമിക്കുന്നതും സുരക്ഷിതമായി തുടരുന്നതുമാണ് ഒരു സർപ്പിളാകൃതി സസ്യങ്ങൾ സ്വയം ഫലീഭവിപ്പിക്കുകയും കൂടുതൽ സ്ഥലം എടുക്കാതിരിക്കുകയും ചെയ്യുന്നു. ഇത് മൂലകങ്ങൾക്കെതിരെ കൂടുതൽ ശക്തവും മോടിയുള്ളതുമായി മാറുന്നു.



# സ്നേഹി നീതിസാരം




മഞ്ഞിൽ കുളിർകോരും വാസന്തമാകി
മനസിൽ കുഞ്ഞിളം ചിരി തൂകി
ഒരു നവ്യതാരമായി വാസന്തം
പുൽക്കൂട്ടിൽ തളിരിട്ടുനിന്നു.

സ്നേഹം വിടർന്നൊരാ ജീവനിൽ
സ്നേഹസന്ദേശം പരന്നിരുന്നു.
നന്മണി വിത്തുകൾ വിതറിയവൻ
നൊമ്പരം പേറാൻ പിറന്നു മണ്ണിൽ

ഇടറിയ പാതയിൽ സ്വരലയമായി
ഇമ്പമായ് കിളിവാതിൽ തുറന്നവൻ നീ
കമനീയമായൊരു തീനാളമായി
കനവുകൾക്കാശ്വാസമേകിയവൻ

വരമൊഴി ലിഖിതങ്ങൾ അന്വർത്ഥമാക്കി
വിനമ്രശിരസ്കനായ് വളരും തോറും.
മൃദുലമായ് പ്രാണനിൽ തലോടിയവൻ
അല്ലലില്ലാതെ മനം കവർന്നു

കട്ടയ്ക്കോട് രാജേഷ്

അനുമോൾ എ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ II
ചിറയിൻകീഴ് താലൂക്ക്

# പന്ധവിപ്പ്



അങ്കിളേ ഈ കതിരെല്ലാം എന്താ ഇങ്ങനെ വളരെ മോശം വിളവാണല്ലോ എന്തു ചെയ്യാനാ, എല്ലാത്തിനും നമ്മുടെ കണ്ണെത്തണം. എനിക്കാണെങ്കിൽ നല്ല സുഖമില്ല. അവർക്കും തീരെ വയ്യ ഇനി ഇതൊക്കെ നിർത്താൻ പോവുവാ അടുത്ത തവണ കൃഷി ചെയ്യുന്നില്ല കൂടെ നിന്ന സൗദാമിനി ചേച്ചി രംഗത്തു വന്നു. ഇതിയാൻ ഇങ്ങനെ ഒക്കെ പറയും നിങ്ങൾ ഇതൊന്നും കണക്കിലെടുക്കേണ്ട.



അല്ലെടീ ഞാൻ വെറുതെ പറഞ്ഞതല്ല. ആഗ്രഹമുണ്ട് എങ്കിലും പ്രായമായ എനിക്ക് ചില പരിമിതികൾ ഇല്ലേ പിന്നെ ഇതൊക്കെ ആരാ നോക്കിനടത്താൻ. ഇപ്പോൾ തന്നെ



ഇട്ട കിടക്കുന്ന കതിരിൽ ഒരു പച്ച തത്ത കൊത്തി കൊണ്ടുപോയി. അത് ഓരത്തു നിന്നും കൊത്തിയെടുത്തു പറക്കു-ന്നതിനിടെ കൊക്കിൽ നിന്നും താഴെ വീണു വീണ്ടും അടുത്തത് കൊത്തിയെടുക്കും. അതിനും ഫലമില്ല നമുക്കും കിട്ടില്ല. കുറേ ചാഴി കയറി കൊണ്ടുപോയി. മോശപ്പെട്ട കാലാവസ്ഥ. എല്ലാം കഴിഞ്ഞ് വിളവെടുത്ത് കിട്ടും. പുതു തലമുറയ്ക്ക് ഇതിനൊന്നും താല്പര്യമില്ല. സൗദാമിനി ചേച്ചി ഒന്നും മിണ്ടാതെ അടുക്കളയിലേക്ക് പോയി.

ദിവസങ്ങൾ കടന്നുപോയി. പതിവുപോലെ ശേഖരൻ അതിൽ പാടവരമ്പിലൂടെയുള്ള നടത്തം കഴിഞ്ഞു വീട്ടിലെത്തി. സൗദാമിനി ചേച്ചിയെ വിളിച്ചു. സൗദാമിനി ചേച്ചി കൊണ്ടുവന്ന ചൂടു ചായ ഊതി കുടിച്ചു കൊണ്ട് അദ്ദേഹം തുടർന്നു. ഇനി അടുത്ത വിത്ത് വിതയ്ക്കാൻ സമയമായി. നിലം ഒരുക്കണം ഒരുപാട് ജോലികൾ ഉണ്ട്. ഞാൻ അതിനുള്ള ഏർപ്പാടുകൾ ചെയ്യട്ടെ എന്ന് പറഞ്ഞ് പുറത്തേക്കിറങ്ങിയ അദ്ദേഹത്തെ സൗദാമിനി ചേച്ചി ഒരു പുഞ്ചിരിയോടെ നോക്കി നിന്നു.

# പഴഞ്ചൊല്ലുകൾ

സംഭാഷണത്തിൽതന്നെ കാര്യഗർഭങ്ങളും ഹൃദയസ്പൃക്കുകളും സർവ്വോപരി ഉച്ചാരണത്തിൽ അത്യന്തികമായ സൗകര്യത്താൽ ഉല്ലസിതങ്ങളായ അനതി-ദീർഘ വാക്യങ്ങളാകുന്നു പഴഞ്ചൊല്ലുകൾ.

പഴഞ്ചൊല്ലിൽ പതിരില്ല.
ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം.
അണ്ടിയോടടുക്കുമ്പോഴേ മാങ്ങയുടെ പുളിയറിയൂ
അന്നംകൊടുത്താലും അവമാനംകൊടുക്കരുത്.
അടിയെക്കാളും പടിയാവും അടങ്ങിയിരിക്കില്ല
അപ്പം തിന്നാൽപോരേ, കുഴിയെണ്ണണോ ?
അരിയിൽ കുറഞ്ഞാലും അരുത് കലഹം
ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ ?
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.
അഴകുള്ള ചക്കയിൽ ചുളയില്ല
ഉരുളൻ കല്ലിന് ഉന്നമേവേണം
പലരുകൂടിയാൽ പാമ്പിന മരണമില്ല
പണംകണ്ട പെരുച്ചാഴിയെ പോലെ
കട്ടോനെ കിട്ടിയില്ലെങ്കിൽ കിട്ടിയോനെപിടിക്കുക.
വില്ക്കാത്ത കാളയ്ക്ക് കൊള്ളാത്തവില
എല്ലാരും തേങ്ങഉടയ്ക്കുമ്പോൾ നമ്മൾ ചിരട്ടയെങ്കിലും ഉടയ്ക്കണം.
ഉണ്ടവനറിയില്ല, ഉണ്ണാത്തവന്റെ വിശപ്പ്
ഉണ്ടാൽ കിണ്ണം തെണ്ടിക്കും.
പാത്രമറിഞ്ഞു വിളമ്പുക
കഥയറിയാതെ ആട്ടം കാണരുത്.
വളർത്തുന്നവരെല്ലാം നമ്പിച്ചുപാടാവരുത്.
അറിയാത്തപിള്ള, ചൊറിയുമ്പോളറിയും.
കരയുന്ന കുഞ്ഞിനേ പാലുള്ളൂ
നനയാതെ മീൻ പിടിക്കാൻ ശ്രമിക്കരുത്.
മീനിനെ കയം കാട്ടരുത്
കാടിലെ തടി, തേവരുടെ ആന... വലിയെടാ വലി
ഉള്ളപ്പോൾ ഓണം പോലെ, ഇല്ലാത്തപ്പോൾ ഏകാദശി
അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
അടികൊള്ളാൻ ചെണ്ടയും പണംപറ്റാൻമാരാരും
എരിതീയിൽ നിന്ന് വറചട്ടിയിലേക്ക്

ബിജു എ. എസ്., R.A., ജില്ലാ ഓഫീസ്

# സ്റ്റാറ്റിസ്റ്റിക്സ്...


കഴിഞ്ഞ സീസണിൽ പാഡിയുണ്ടായിരുന്നോ
പേടി ലേശം ഉണ്ടായിരുന്നു സാർ.. ഇപ്പോ ധൈര്യമുണ്ട്..
T.S.O
പുതിയ ഇൻവെസ്റ്റിഗേറ്റർ
ആ റോഡിനപ്പുറം കാണുന്നതാ ചെങ്കൽ
അത് കരിങ്കല്ലല്ലേ..?
ചെങ്കൽ പഞ്ചായത്താ സാർ..
ചെങ്കൽ
മലമ്പാറുകാരൻ ADO
കിപ്ലോട്ട് ഓണാണോ.. ഇതിനകത്ത് ഉണ്ട് സാർ..
ഓ മൈ ഗോഡ്

സജിനി ജി. കെ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവസ്റ്റിഗേറ്റർ I,
തിരുവനന്തപുരം താലൂക്ക്

# കണിക്കൊന്ന

ഇത്തിരി സുഗന്ധവും പൊൻമണികളുമായ്
നിന്നു മുറ്റത്ത് കണിക്കൊന്നയൊന്ന്
പൊട്ടിവിടരാൻ നേരവും കൊതിക്കുന്നു
തനി തങ്കത്തിൻ കിങ്ങിണികളുമായ്
വേനലിൻ ചൂടിൽ പോലും നിറയെ പൂത്ത്
നിൽക്കും കേരളത്തിൻ ഐശ്വര്യറാണി
രണ്ടിലും കിളികൾ ഒരേ നേരമായ്
സല്ലപിക്കുകയാണതിൻ ചില്ലമേൽ
പറവകൾ കൂടി തന്റെ വിശേഷങ്ങൾ
ഒന്നായും പങ്കുവെയ്ക്കുന്നു.
മേടവും വിഷുവും വരാറായി, അതിൻ മുൻപേ
ഞാനൊരുങ്ങുകയാണീ കണിക്കായ്
ഇന്നലെ വരെ ഞാനാരാലുമറിയാതെ
ഉമ്മറത്തിണ്ണയിലായിരുന്നു.
ഇന്നെന്നെ നോക്കിടാതെ ആരുമേ പോകുന്നില്ല
ഇന്നത്തെ ദിനമെന്റേതാകാം
വിഷു പോയ്ക്കഴിഞ്ഞാൽ
മറന്നിടും എന്നെ ......
വർഷമൊന്നു കാത്തിരിക്കേണമെന്റെ
സ്വർണ്ണമണികൾക്കിടം കിട്ടാൻ
ഒന്നു ഞാൻ പറഞ്ഞോട്ടെ, പകരം വെയ്ക്കാൻ
സ്വർണ്ണവും മതിയാകില്ല
നന്മയുടെയും ആമോദത്തിന്റെയും പ്രഭ ചൊരിയുന്ന
കണിക്കൊന്നപ്പൂ പോലെ
മർത്യനും പ്രഭ ചൊരിയട്ടെ എക്കാലവും
കണിക്കൊന്നപ്പൂക്കളെ മനുഷ്യർ ...


പ്രശസ്ത നാടൻപാട്ടു
കലാകാരൻ
പി. എസ്. ബാനർജി
വൈഖരി- 2019ന്
ആശംസകൾ
അർപ്പിച്ചുകൊണ്ട്
വരച്ചത്
P.S. BANARJI
01.11.2019

വെളിച്ചം -

അത് ഉണർവാണ്...

ഊർജ്ജമാണ്...

ഇതിന്റെ പിന്നിലെ ശക്തികൾക്ക് ആശംസകൾ...

ഒപ്പം അഭിമാനവും...

സ്നേഹപൂർവ്വം

പ്രദീപ് മണ്ണാർക്കാട്.

1. 11. 19.

പ്രശസ്ത നാടക
ചലച്ചിത്ര ഗാന
രചയിതാവ്.